**രണ്ടാം ഭാഗം**

# കളിപ്പാട്ടം

**അനുബന്ധം (അധ്യാപക സഹായി)**

## കളിത്തോണി (4+)

പ്രവർത്തന കാർഡുകളുടെ വിനിമയസഹായി

കേരളസർക്കാർ

പൊതു വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

**2019**

*Prepared by:*
State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala.
E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2019

# അധ്യാപകരോട്

പ്രീസ്കൂൾ വിദ്യാഭ്യാസരംഗം ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരികയാണ്. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്നതിനായി പ്രീസ്കൂൾ പാഠ്യപദ്ധതിയും അധ്യാപകസഹായി 'കളിപ്പാട്ടവും' കലോചിതമായി തയാറാക്കിയിട്ടുണ്ട്. അഞ്ച് വികാസമേഖലകളിലായി 87 ശേഷികൾ നാലുവയസ്സ് കഴിയുമ്പോഴേക്കും കുട്ടി നേടിയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടിയുടെ പരിചിതപരിസരവുമായി ബന്ധപ്പെട്ട 30 തീമുകളിലായാണ് പ്രവർത്തനങ്ങൾ അധ്യാപിക ആസൂത്രണം ചെയ്യേണ്ടത്.

പ്രീസ്കൂൾ പ്രവർത്തകർക്ക് മികച്ച ഉൾക്കാഴ്ചയും വിനിമയ നൈപുണിയും ലഭിക്കും വിധം പിന്തുണാസംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി തയാറാക്കപ്പെട്ടതാണ് 'കളിപ്പാട്ടം' എന്ന അധ്യാപകസഹായി. തുടർന്ന് കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ അംഗീകൃത പ്രീസ്കൂളുകളിലെയും അധ്യാപകർക്ക് 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനം നൽകി. രക്ഷിതാക്കൾക്കും പ്രത്യേകമായ ബോധവൽക്കരണ ക്ലാസുകൾ ക്രമീകരിച്ചു. പ്രാഗ് വായന, പ്രാഗ്ഗണിതം, പ്രാഗ്ലേഖനം, സൂക്ഷ്മപേശീവികാസം, സർഗാത്മക വികാസം എന്നിവയ്ക്ക് സഹായകമായ പ്രവർത്തനകാർഡുകൾ, കുട്ടികൾക്കായി 'കളിത്തോണി' എന്ന പേരിൽ മൂന്ന് ഭാഗങ്ങളായി തയാറാക്കിയിട്ടുണ്ട്. കളിത്തോണി – രണ്ടാം ഭാഗത്തിൽ 11 മുതൽ 20 വരെയുള്ള തീമുകളെ വികാസമേഖലകൾ, ശേഷികൾ എന്നിവ പരിഗണിച്ച് തയാറാക്കിയിരിക്കുന്നു. കുട്ടിയുടെ പ്രായം, പ്രകൃതം, ശേഷികൾ എന്നിവ പരിഗണിച്ച് വിനിമയം ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നതാണ് ഈ കൈപ്പുസ്തകം. സ്വയം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനകാർഡുകൾ വികസിപ്പിക്കുന്നതിനും അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കൈപ്പുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ

## ശില്പശാലയിൽ പങ്കെടുത്തവർ

1. **അബ്ദുനാസർ. യു.കെ**
   സീനിയർ ലക്ചറർ, ഡയറ്റ്, കോഴിക്കോട്
2. **മഹേഷ്കുമാർ. എം**
   അധ്യാപകൻ, ഗവ. എൽ.പി.എസ്. ചെറിയാക്കര, കാസർഗോഡ്
3. **സുരേഷ്ബാബു.കെ.കെ**
   (റിട്ട. ട്രെയിനർ, എസ്.എസ്.എ, കണ്ണൂർ)
4. **സൈജ. എസ്**
   അധ്യാപിക, ഗവ.എൽ.പി.എസ്.കോയിപ്പാട്, കൊല്ലം
5. **ഷിനോജ്‌രാജ്**
   എഡിറ്റിങ് അസിസ്റ്റന്റ്, യുറീക്ക, ചാലപ്പുറം, കോഴിക്കോട്
6. **അനിൽകുമാർ.പി**
   ജി.എഫ്.എൽ.പി.എസ്. കുമ്പള, കോഴിക്കോട്
7. **അനിതകുമാരി.കെ.പി**
   റിട്ട. അധ്യാപിക, എ.സി.കെ.എൻ.ജി.യു.പി.എസ്.
   മേലാങ്കോട്, കാസർഗോഡ്
8. **സജിത.പി**
   പ്രീപ്രൈമറി അധ്യാപിക,
   ജി.ഡബ്യൂ. എൽ.പി.എസ് അയണിക്കാട്, കോഴിക്കോട്
9. **ചിത്രശാലിനി. എൻ.കെ**
   പ്രീപ്രൈമറി അധ്യാപിക
   ജി.എച്ച്.എസ്.എസ്. രാവണേശ്വർ
   കാസർഗോഡ്
10. **റസീന.വി.പി**
    പ്രീപ്രൈമറി അധ്യാപിക, ഗവ.യു.പി.എസ്, പുഴതി, കണ്ണൂർ
11. **രഞ്ജിത്.കെ.പി**
    എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്. അടൂർ, കാസർഗോഡ്
12. **സുജയ**
    മിക്സഡ് യു.പി.സ്കൂൾ, തളാപ്പ്, കണ്ണൂർ

## വിദഗ്ധർ

1. **ഡോ.സി.രാമകൃഷ്ണൻ**
   സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗം
2. **ഡോ.ആർ.ജയപ്രകാശ്**
   അഡീഷണൽ പ്രൊഫസർ, പീഡിയാട്രിക്സ് & ചൈൽഡ്
   സൈക്യാട്രിസ്റ്റ്, എസ്.എ.ടി ഹോസ്പിറ്റൽ, തിരുവനന്തപുരം
3. **ഡോ.ടി.പി കലാധരൻ**
   കൺസൾട്ടന്റ്, സമഗ്രശിക്ഷാ, കേരളം
4. **ഡോ.ആർ.പ്രസന്നകുമാർ**
   (റിട്ട.പ്രിൻസിപ്പാൾ, ഡയറ്റ്)
5. **ഡോ.പി.വി.പുരുഷോത്തമൻ**
   (റിട്ട. സീനിയർ ലക്ചറർ, ഡയറ്റ്)

## അക്കാദമിക് കോ-ഓഡിനേറ്റർ

**ഷൈലാജാസ്മിൻ. എൽ.എസ്.**

റിസർച്ച് ഓഫീസർ, പ്രീപ്രൈമറി വിദ്യാഭ്യാസ വിഭാഗം,

എസ്.സി.ഇ.ആർ.ടി

# കളിത്തോണി (വർക്ക്ഷീറ്റ്) ഉപയോഗിക്കുമ്പോൾ

തീമുകളിലെ ആശയങ്ങളുടെ വിനിമയത്തിന്റെ പ്രാരംഭമായോ കുട്ടിയുടെ ചിന്താശേഷി, സർഗാത്മകത എന്നിവയെ ഉണർത്തുന്നവയായോ, തീമുകളുടെ വിനിമയശേഷമുള്ള കുട്ടിയുടെ ധാരണ പ്രകടിപ്പിക്കുന്നതിനായോ വർക്ക്ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധ തീമുകളുമായി ബന്ധപ്പെടുത്തി നിശ്ചിതശേഷികളുടെ വികാസത്തിനായി നൽകുന്ന അനുഭവ പ്രവർത്തനങ്ങളുടെ തുടർച്ചയായോ, പൂർത്തീകരണമായോ, വിലയിരുത്തലായോ ഉപയോഗിക്കാവുന്നവയുമാണ് വർക്ക് ഷീറ്റുകൾ. ചില സാധ്യതകൾ ചുവടെ നൽകുന്നു.

* **തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

തീമുമായി ബന്ധിപ്പിച്ച് അനുഭവങ്ങൾ നൽകുന്നതിന്റെ തുടർച്ചയായി സ്വാഭാവികതയോടെ വർക്ക് ഷീറ്റുകൾ നൽകി തുടർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

* **വർക്ക് ഷീറ്റ് + തീം പ്രവർത്തനങ്ങൾ → തീം പ്രവർത്തനങ്ങൾ → വർക്ക് ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

വർക്ക്ഷീറ്റ് പ്രവർത്തനമായിത്തന്നെ നൽകുകയും അതുമായി സ്വാഭാവികമായി കണ്ണിചേർത്ത് മറ്റ് പ്രവർത്തനങ്ങൾ നൽകുകയും ചെയ്യാം.

- ഒരു അനുഭവസാമഗ്രിയായി വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുകയാവാം.
- കുട്ടിയുടെ വർക്ക്ഷീറ്റുകളെ പരസ്പരം ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും വികാസമേഖലയിലുള്ള വളർച്ച തിരിച്ചറിയാനും കഴിയുന്നവിധത്തിൽ വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്താം. ഒരു കുട്ടിയുടെ തന്നെ തുടർച്ചയായ പ്രവർത്തനങ്ങളിലുള്ള മാറ്റമാണ് വിലയിരുത്തേണ്ടത്.
- കുട്ടി ഏർപ്പെടുന്ന പ്രവർത്തനങ്ങളിലെ പ്രക്രിയ അധ്യാപിക നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.
- വ്യത്യസ്ത കുട്ടികളുടെ വർക്ക്ഷീറ്റുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ഓരോ കുട്ടിയുടെയും വികാസഘട്ടങ്ങളിലുള്ള വേഗത വ്യത്യസ്തമാണ്. അതിനാൽ കുട്ടികളുടെ പ്രകടനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ലഭ്യമായിരിക്കുന്ന വർക്ക്ഷീറ്റുകളുടെ തുടർച്ചയായോ അതിന്റെ അനുബന്ധമായോ പുതിയ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുന്നതിന് അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്.
- കുട്ടി വർക്ക്ഷീറ്റുകൾ ചെയ്തു കഴിഞ്ഞാൽ അതിന്റെ സൂക്ഷിപ്പ്, പുനരുപയോഗം എന്നിവയെപ്പറ്റി വ്യക്തമായ ധാരണ അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം. പൂർത്തിയാക്കപ്പെട്ട വർക്ക്ഷീറ്റുകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.

വർക്ക്ഷീറ്റിനെ ഔപചാരികപഠനത്തിന്റെ രീതിയിൽ സമീപിക്കരുത്.

## വർക്ക്ഷീറ്റുകൾ – പ്രവർത്തനങ്ങൾ

**വിവിധ വികാസമേഖലകൾക്ക് പ്രാധാന്യം നൽകുന്ന വർക്ക്ഷീറ്റുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.**

### 1. ശാരീരിക ചാലക വികാസം

സൂക്ഷ്മപേശീവികാസത്തിനുവേണ്ടി മിക്കവാറും എല്ലാ വർക്ക്ഷീറ്റുകളിലും സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. ചിത്രം വര, നിറം നൽകൽ, നിർമാണം എന്നിവ ഈ വികാസ മേഖലകൾക്ക് ഊന്നൽ നൽകുന്നവയാണ്. വരച്ചുയോജിപ്പിക്കൽ, വട്ടമിടൽ, പ്രാഗ്ലേഖന പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോഴും പേശീവഴക്കം ഉണ്ടാവുന്നുണ്ട്. കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ അനുഭവങ്ങളിലൂടെയും സൂക്ഷ്മപേശികളുടെ വികാസം സാധ്യമാവുന്നു.

3+ പ്രായത്തിലുള്ള കുട്ടികൾക്ക് സൂക്ഷ്മപേശികളുടെ വഴക്കം കുറവായിരിക്കും. അതിനാൽ അവർക്ക് ചെയ്യാൻ കഴിയുന്ന കുഞ്ഞു കുഞ്ഞു പ്രവർത്തനങ്ങളാണ് 'കളിത്തോണി' യിൽ നിർദേശിച്ചിട്ടുള്ളത്. ഇതു കൂടാതെ സ്ഥൂലപേശീവികാസത്തിനായി ഓട്ടം, ചാട്ടം, പടികൾ കയറിയിറങ്ങൽ, ഇഴയൽ തുടങ്ങി ഒട്ടേറെ അനുഭവപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കേണ്ടതുണ്ട്.

4+ കുട്ടികൾക്ക് കുറച്ചുകൂടി സൂക്ഷ്മത ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി കത്രിക ഉപയോഗിച്ചു കൃത്യമായി മുറിച്ചെടുക്കാനുള്ള പരിശീലനം. ഇതിനായി ശിശു സുരക്ഷിതമായ (Child Safe) കത്രികകൾ ഉപയോഗിക്കുന്നതാണ് നല്ലത്. കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കൽ മറ്റൊരു പ്രവർത്തനമാണ്. ഒന്നാം തരത്തിൽ കുട്ടിക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമെല്ലാം എഴുതേണ്ടതുണ്ട്. അതിനാൽ 4+ ൽ വച്ച് പ്രാഗ്ലേഖന പ്രവർത്തനങ്ങൾ ധാരാളമായി നൽകണം.

### 2. ഭാഷാവികാസം

ഭാഷണത്തിനാണ് പ്രീസ്കൂൾ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളത്. സങ്കോചവും ഭയവുമില്ലാതെ സംസാരിക്കാൻ കഴിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് എല്ലാ വർക്ക്ഷീറ്റുകളിലും അവസരമുണ്ട്.

ചിത്രവായന, പ്രകൃതിനടത്തം, പാവകളി, റോൾപ്ലേ, കളികൾ, മറ്റ് അനുഭവപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ കുട്ടിക്കും സംസാരിക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയൽ, വരച്ചതോ നിറം കൊടുത്തതോ ആയ ചിത്രങ്ങളെക്കുറിച്ച് പറയൽ, മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയൽ, ചെയ്ത കാര്യങ്ങളുടെ യുക്തിയും ന്യായീകരണങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ ഭാഷണത്തിനുള്ള ഒട്ടേറെ സാധ്യതകൾ വർക്ക് ഷീറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

3+ പ്രായത്തിൽ സ്വന്തം ഗൃഹഭാഷയിലാണ് കുട്ടികൾ ആശയവിനിമയം നടത്തുക. ഈ സന്ദർഭത്തിൽ കളിയാക്കൽ, തടസ്സപ്പെടുത്തൽ, അവഗണിക്കൽ എന്നിവ അധ്യാപികയുടെ ഭാഗത്ത് നിന്നും ഉണ്ടാവരുത്. അത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കും. സംസാരിക്കാനുള്ള പ്രോത്സാഹനമാണ് ആവശ്യം.

4+ ആകുമ്പോഴേക്കും ഗൃഹഭാഷയിൽ നിന്നും മാനകഭാഷയിലേക്ക് വളരാനാവശ്യമായ മാതൃകകളും അനുഭവങ്ങളും നൽകേണ്ടതുണ്ട്. അത്തരം സാധ്യതകൾ വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ ബോധപൂർവം പ്രയോജനപ്പെടുത്താൻ നമുക്കാവണം. ഈ ഘട്ടത്തിൽ പ്രാഗ്ലേഖന പ്രവർത്തനങ്ങളും ഒരുക്കുന്ന തരത്തിലാണ് 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

### 3. വൈജ്ഞാനിക വികാസ മേഖല

ശാസ്ത്ര, ഗണിതശാസ്ത്ര മേഖലയിലുള്ള അനുഭവപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വലുത്/ചെറുത്, കൂടുതൽ/കുറവ്, അടുത്ത്/അകലെ, നീളം കൂടിയത്/കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് - ഗണിതാശയങ്ങൾ, വസ്തുക്കൾ എണ്ണൽ, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറിയിൽ ധാരാളം നേരനുഭവങ്ങൾ നൽകിയ ശേഷമാണ് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടത്.

നിരീക്ഷണം, താരതമ്യം ചെയ്യൽ, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, തരംതിരിക്കൽ (വർഗീകരണം), കണ്ടെത്തലുകൾ അവതരിപ്പിക്കൽ തുടങ്ങിയ പ്രക്രിയാശേഷികളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ 'കളിത്തോണി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചിത്രനിരീക്ഷണങ്ങൾ മാത്രമേ വർക്ക്ഷീറ്റുകളിലൂടെ സാധ്യമാവുകയുള്ളൂ. അതിനാൽ കണ്ടറിയൽ, കേട്ടറിയൽ, മണത്തറിയൽ, രുചിച്ചറിയൽ, തൊട്ടറിയൽ എന്നിവയിലൂടെയെല്ലാമുള്ള നിരീക്ഷണങ്ങൾക്ക് കൂടി അവസരം കിട്ടുന്നതരത്തിൽ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. യുക്തിചിന്ത, കാര്യകാരണബന്ധങ്ങൾ കണ്ടെത്തിപ്പറയൽ, പാറ്റേണുകൾ രൂപീകരിക്കൽ, വിവിധതരം നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ഓർത്തുപറയൽ തുടങ്ങിയ അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതാണ്.

മൂന്നു വയസ്സുകാർക്ക് ലളിതമായ പ്രാഗ് ഗണിതാശയങ്ങൾ, നിറങ്ങൾ തിരിച്ചറിയൽ, വ്യത്യാസം കണ്ടെത്തൽ, ചിത്രങ്ങൾ കണ്ട് അവയിലെ കാര്യങ്ങൾ പറയൽ, ഒരേ പോലെയുള്ളവ കണ്ടെത്തൽ, കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി അതിന്റെ കാരണം പറയൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്.

നാല് വയസ്സുകാർക്ക് ഇവയുടെ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം 1 മുതൽ 5 വരെയുള്ള സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നനിലവാരമുള്ള കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകളിൽ അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

### 4. സർഗാത്മക – സൗന്ദര്യാത്മക വികാസം

ചിത്രംവര, നിറം നൽകൽ, നിർമാണം എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ മേഖലയുമായി ബന്ധപ്പെട്ട് കളിത്തോണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാപരമായ സർഗാത്മകതയും പരിഗണിച്ചിട്ടുണ്ട്.

ചിത്രംവര (സ്വതന്ത്രവും നിയന്ത്രിതവും), നിറം നൽകൽ എന്നിവയെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലോ. വിവിധതരത്തിലുള്ള നിർമാണങ്ങളുടെ സാധ്യതകൾ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മണൽച്ചിത്രങ്ങൾ, വിരൽച്ചിത്രങ്ങൾ, ഇലമൃഗശാല നിർമാണം, പൂക്കൾ നിർമിക്കൽ, ബാഡ്ജ് നിർമാണം, പതാകനിർമാണം, തോരണങ്ങൾ തയാറാക്കൽ തുടങ്ങി കൈവിരൽ പതിപ്പിച്ചുള്ള ചിത്രനിർമാണം, ഇല പ്രിന്റിങ്, പഞ്ഞി, പെൻസിൽ സ്ക്രാപ്പ് തുടങ്ങിയവ ഒട്ടിച്ച് ചിത്രങ്ങൾ പൂർത്തിയാക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന നിർമാണസാധ്യതകൾ 'കളിത്തോണി' യിലുണ്ട്.

3+ പ്രായത്തിലുള്ളവർക്ക് താരതമ്യേന ലളിതമായ നിർമാണങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നൽകുമ്പോൾ സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസത്തിനോടൊപ്പം സൂക്ഷ്മ-സ്ഥൂല പേശികളുടെ വഴക്കവും സാധ്യമാവുമല്ലോ. കൂടാതെ സാമൂഹിക വൈകാരിക വികാസത്തിനും ഇവ പ്രയോജനപ്പെടുന്നു. സഹകരണ മനോഭാവവും നേതൃത്വപരമായ പങ്കുവഹിക്കലുമെല്ലാം നേടാൻ കഴിയും വിധം സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

4+ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് കുറേകൂടി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കത്രിക ഉപയോഗിച്ചു മുറിച്ചെടുക്കാനും ഒട്ടിക്കാനും കടലാസുപയോഗിച്ച് പൂക്കൾ, ഒറിഗാമി രൂപങ്ങൾ എന്നിവ നിർമിക്കാനും അവസരം നൽകിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ ഉപയോ

ഗിച്ചുള്ള നിർമാണപ്രവർത്തനങ്ങൾ എന്നിവയും ചെയ്യിക്കണം. എങ്കിലേ കുട്ടിയുടെ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

### 5. സാമൂഹിക വൈകാരിക വികാസം

'കളിത്തോണി'യിലെ പ്രവർത്തനങ്ങൾ മിക്കതും വ്യക്തിഗതമായി പൂർത്തീകരിക്കേണ്ടവയാണ്. സാധ്യമായ സന്ദർഭങ്ങളിൽ പരസ്പര സഹായത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയും. നിറം നൽകാനുള്ള ക്രയോണുകൾ കൈമാറാനും നിർമാണപ്രവർത്തനങ്ങളിൽ സംഘം ചേർന്നു പ്രവർത്തിക്കാനും ഒക്കെ അവസരങ്ങളുണ്ടാകുമല്ലോ. ചില പ്രവർത്തനങ്ങളിൽ നിശ്ചിത നിറമുള്ള ക്രയോൺ തന്നെ ആവശ്യമായി വരും. ഉദാ: ഇലകൾക്ക് പച്ചനിറം നൽകൽ. ഒരാൾ നിറം കൊടുത്തു തീരുന്നതുവരെ ഊഴം കാത്തു നിൽക്കാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ അധ്യാപികയ്ക്കു കഴിയും. കത്രിക കൊണ്ടു മുറിക്കുന്ന സന്ദർഭങ്ങളിലും ഇങ്ങനെ കാത്തു നിൽക്കേണ്ടി വരാം.

കഥകളിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തുന്നതിലൂടെ സാമൂഹിക വൈകാരിക വികാസം സാധ്യമാക്കാനാവും. വർക്ക് ഷീറ്റ് അവതരണ സന്ദർഭങ്ങളിലെ ആഖ്യാനങ്ങൾ, ക്ലാസിൽ അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, കഥാഗാനങ്ങൾ, പാവനാടകങ്ങൾ, റോൾപ്ലേ എന്നിവ സാമൂഹിക വൈകാരിക വികാസത്തിന് കൂടി പ്രയോജനപ്പെടുത്തുന്നിടത്താണ് അധ്യാപിക വിജയിക്കുന്നത്.

## വിലയിരുത്തൽ

ഓരോ വികാസമേഖലയിലും ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് അധ്യാപികയ്ക്ക് തിരിച്ചറിയാനാവണം. കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഇത് അധ്യാപികയെ സഹായിക്കും. കൂടാതെ തന്റെ ആസൂത്രണത്തിലെ പരിമിതികൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനും വിലയിരുത്തൽ പ്രവർത്തനങ്ങളിലൂടെ സാധിക്കും. രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി നിർദേശിക്കാനും അധ്യാപികയെ സഹായിക്കുന്നത് നിരന്തര വിലയിരുത്തലിലൂടെ ലഭിക്കുന്ന സൂചനകൾ തന്നെയാണ്.

ഓരോ വർക്ക്ഷീറ്റിലൂടെയും എന്തൊക്കെയാണ് വിലയിരുത്തേണ്ടത് എന്ന് കൈപ്പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം നടക്കുമ്പോൾ അധ്യാപിക നടത്തുന്ന നിരീക്ഷണവും വർക്ക്ഷീറ്റ് എന്ന ഉൽപ്പന്നത്തെ വിലയിരുത്തലും വഴിയാണ് നിരന്തരവിലയിരുത്തൽ നടത്തേണ്ടത്. രക്ഷിതാക്കളുമായുള്ള ആശയവിനിമയത്തിലൂടെയും ചില വിലപ്പെട്ട നീരിക്ഷണങ്ങൾ നമുക്ക് ലഭിക്കും.

ഓരോ വർക്ക്ഷീറ്റും ചെയ്തു കഴിഞ്ഞാൽ പ്രദർശനത്തിന് ശേഷം ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ ബാഗിലേക്ക് മാറ്റണം. അവ വിശകലനം ചെയ്യുമ്പോൾ വികാസമേഖലകളിൽ കുട്ടിക്കുണ്ടായ ക്രമാനുഗതമായ വളർച്ച ടീച്ചർക്കും രക്ഷിതാവിനും ബോധ്യപ്പെടാനാവും. വർഷാവസാനം ഇവ ക്രോഡീകരിച്ച് കുട്ടിയെ സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ തയാറാക്കാനാവില്ലേ?

കുട്ടിക്കും രക്ഷിതാവിനും ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മെച്ചപ്പെടുത്താൻ ഇതുവഴി അധ്യാപികയ്ക്ക് സാധിക്കും.

# തീം 11 പച്ചക്കറികൾ

പച്ചക്കറികൾ, അവയുടെ ആകൃതി, നിറം, വലുപ്പം എന്നിവയൊക്കെ കുട്ടികൾക്ക് കൗതുകം ജനിപ്പിക്കാറുണ്ട്. പാകം ചെയ്തോ ചെയ്യാതെയോ പച്ചക്കറികൾ രുചിച്ചുനോക്കിയ അനുഭവവും കുട്ടികൾക്കുണ്ട്. പലതരം പച്ചക്കറികളുണ്ട് എന്ന ആശയവും വലുപ്പം, ആകൃതി, രുചി, നിറം എന്നിവയിൽ അവ വ്യത്യസ്തമാണ് എന്ന ആശയവും കുട്ടികളിൽ രൂപീകരിക്കേണ്ടതുണ്ട്.

പച്ചക്കറിയുമായി ബന്ധപ്പെട്ട കഥ, പാട്ട്, കളികൾ എന്നിവയിലൂടെ ആരോഗ്യത്തിന് പച്ചക്കറികൾ നല്ലതാണെന്നും കൃഷിചെയ്താണ് അവ ഉണ്ടാക്കുന്നതെന്നുമുള്ള പ്രാഥമികധാരണ രൂപീകരിക്കാനും ഈ തീമിലൂടെ കഴിയേണ്ടതുണ്ട്.

**പ്രവർത്തനക്രമം**

1. പച്ചക്കറി പ്രമേയമായി വരുന്ന കഥ - നാടുകാണാനിറങ്ങിയ മത്തൻ

↓

2. വർക്ക്ഷീറ്റ് 11.1 – "നിറം നൽകൂ" നൽകൽ.

↓

3. കഥ – മത്തൻതോണിയും എലിക്കുഞ്ഞും

↓

4. വർക്ക്ഷീറ്റ് 11.2 – "എലിക്കുഞ്ഞിന്റെ മത്തൻ തോണിയാത്ര" നൽകൽ

↓

5. മത്തൻപാട്ട് (കളിപ്പാട്ടം - 208), പ്രകൃതിനടത്തം (പച്ചക്കറിത്തോട്ടം/ICT/മാതൃക സെറ്റ് ചെയ്ത്)

↓

6. പാട്ട് (തോട്ടം കളിപ്പാട്ടം –208)

↓

7. ആൽബം നിർമാണം (പച്ചക്കറി ചിത്രങ്ങൾ, സ്റ്റാംപിറ്റ്)

↓

8. ക്ലാസിലൊരു തോട്ടം (പപ്പറ്റ്– അഭിനയം, ആയിത്തീരൽ കളി)

↓

9. ക്ലാസിൽ പച്ചക്കറിക്കട

↓

10. കുളം കര (പഴം പുറത്ത്, പച്ചക്കറി അകത്ത് – കളി)

↓

11. തരംതിരിക്കാം (പഴത്തിൽ നിന്ന് പച്ചക്കറിയെ കൂട്ടങ്ങളാക്കൽ)

↓

12. സലാഡ് തയാറാക്കൽ, വിതരണം

↓

13. പാവനാടകം (പച്ചക്കറിയുടെ ഗുണം പ്രമേയമായത്)

↓

14. ഒളിച്ചിരിക്കുന്നത് (പെട്ടിക്കുള്ളിൽ ഒളിപ്പിച്ച് പച്ചക്കറി സ്പർശിച്ച് തിരിച്ചറിയൽ)

↓

15. വെജിറ്റബിൾ പ്രിന്റിങ്

↓

16. ഫ്രൂട്ട്സലാഡ് കളി (പച്ചക്കറിയുടെ പേര് നൽകി കളിക്കൽ)

↓

17. കഥ

↓

18. അഭിനയം (കൃഷിപരിപാലനം)

↓

19. വർക്ക്ഷീറ്റ് 11.3 – “ആരാണ് കേമൻ ?” നൽകൽ
↓
20. ലാഡർ ഗെയിം
(കളത്തിൽ ടീച്ചർ പറയുന്ന പച്ചക്കറിയിലേക്ക് കുട്ടികൾ ചാടുന്നു).

## വർക്ക്ഷീറ്റ് 11.1 – നിറം നൽകൂ

**വികാസമേഖലകൾ**
- സർഗാത്മകവികാസം
- ഭാഷാവികാസം

**ശേഷികൾ**
1. ക്രയോൺ, സ്കെച്ച്പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി നിറം നൽകാൻ കഴിയുന്നു (4).
2. മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾപ്ലേ, ചമഞ്ഞുകളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു (25).

**ആശയങ്ങൾ**
1. പലതരം പച്ചക്കറികളുണ്ട്.
2. വലുപ്പത്തിലും നിറത്തിലും ആകൃതിയിലും അവയ്ക്ക് വ്യത്യാസങ്ങളുണ്ട്.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, ക്രയോണുകൾ

**സന്ദർഭം**
- ചന്തുവേട്ടന്റെ ഉന്തുവണ്ടിയിൽനിന്നു നാടുകാണാനിറങ്ങിയ മത്തൻ’– കഥയ്ക്ക് ശേഷം കുട്ടികൾക്ക് വർക്ക്ഷീറ്റ് വിതരണം ചെയ്യാം.

**പ്രക്രിയ**

- ആഖ്യാനം

**‘നാടുകാണാനിറങ്ങിയ മത്തൻ’**

പഴുത്ത്, പഴുത്ത്, പഴുപഴുത്ത്, മഞ്ഞ, മഞ്ഞ, മഞ്ഞാച്ചി മത്തങ്ങയ്ക്ക് ഒരിഷ്ടം.
എന്താണെന്നോ? ഉന്തുവണ്ടിയിൽ കയറി നാടു ചുറ്റണം. പിന്നെ ഒന്നും ചിന്തിച്ചില്ല, ഒറ്റ ഉരുളലിന് മത്തങ്ങ ഉന്തുവണ്ടിക്കരികിലെത്തി, പിന്നെയൊരു ചാട്ടം.
മത്തങ്ങ ഉന്തുവണ്ടിയിലെത്തി.
ഉരുണ്ടുചാടി ക്ഷീണിച്ച മത്തങ്ങ കുറേനേരം മിണ്ടാതെ കിടന്നു.
അപ്പോൾ ചന്തുവേട്ടൻ വന്നു. വണ്ടിയുന്തി ചന്തുവേട്ടൻ ചന്തയിലേക്ക് തിരിച്ചു.
ചന്തയിലെത്തിയ മത്തങ്ങ അവിടെക്കണ്ട പച്ചക്കറികളെയൊക്കെ കളിയാക്കി :
‘‘അയ്യേ... എന്നെപ്പോലെ ആർക്കാവും ഇങ്ങനെ ഉന്തുവണ്ടിയിൽ യാത്രപോവാൻ.. അയ്യേ... അയ്യയ്യേ...”
പച്ചക്കറികൾക്ക് ദേഷ്യം വന്നു.
ആദ്യം കുമ്പളങ്ങ വണ്ടിയിലേക്ക് ചാടിക്കയറി. രണ്ടാമത് കാബേജ്. പിന്നെ പടവലം, തണ്ണിമത്തൻ, ചേന, മുരിങ്ങക്ക... അങ്ങനെ എല്ലാവരും ചാടിക്കയറി. കയറിയവർ കയറിയവർ മത്തങ്ങയോട് അടിപിടിയായി. വണ്ടി കുലുങ്ങിയത് കണ്ട ചന്തുവേട്ടൻ നോക്കിയപ്പോഴതാ, വണ്ടിയിൽ നിറയെ പച്ചക്കറികൾ. അവരുടെ അടിപിടികണ്ട ചന്തുവേട്ടൻ ഒച്ചവച്ചു. ‘ടേയ്’...
മത്തങ്ങയൊഴികെ മറ്റു പച്ചക്കറികളെല്ലാം ചാടിയോടി. മത്തങ്ങ ചന്തുവേട്ടനെ നോക്കി ചിരിച്ചു നിന്നു.
‘‘ഓടടാ...’’ ചന്തുവേട്ടൻ മത്തങ്ങയോടും പറഞ്ഞു. പാവം മത്തങ്ങ. വണ്ടിയിൽനിന്നും ചാടി ഇറങ്ങി ഓടി.
നാടുകാണാൻ ഇറങ്ങിയ മത്തനെ കാണണ്ടേ?

- വർക്ക്ഷീറ്റ് 11.1 – "നിറം നൽകൂ" നൽകുന്നു.
  - വ്യക്തിഗതമായി നിറം നൽകുന്നു.
  - നിറം നൽകിയത് പരസ്പരം കാണാൻ അവസരം നൽകുന്നു.
  - ആരുടെയൊക്കെ ചിത്രമാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടമായത്?
  - ആവശ്യമായ മാറ്റങ്ങൾ/ മെച്ചപ്പെടുത്തൽ വരുത്തുന്നു.
  - മത്തൻ ചിത്രത്തിന് പിറകിൽ കാർഡ്ബോർഡ്/ ചാർട്ട് ഒട്ടിക്കുന്നു. വടി ഒട്ടിച്ച് പപ്പറ്റ് ആക്കുന്നു.
- **ആഖ്യാനം (തുടർച്ച)**
  - ചന്തുവേട്ടന്റെ ഉന്തുവണ്ടിയിൽനിന്ന് ഇറങ്ങിഓടിയ മത്തങ്ങ എങ്ങോട്ട് പോയിട്ടുണ്ടാവും?
  - മറ്റു പച്ചക്കറിക്കൂട്ടുകാർ മത്തങ്ങയെ കണ്ടിട്ടുണ്ടാവുമോ?
  - കാണുമ്പോൾ എന്താവും പറയുക? കൂട്ടുകാർ പറഞ്ഞുനോക്കൂ....
- **ടീച്ചർക്ക്** : ക്രയോൺസ് കൊണ്ട് നിറം നൽകുന്നതിന് ക്രമമായി നിർദേശം നൽകണം. ആദ്യം വശങ്ങളിൽ, പിന്നെ ഉൾഭാഗം. കട്ടി കൂട്ടിയും കുറച്ചും നിറം നൽകുന്ന രീതി പരിചയപ്പെടുത്തണം.
- **വിലയിരുത്തൽ**
  - ഉചിതമായ നിറം നൽകിയിട്ടുണ്ട്.
  - സന്ദർഭോചിതമായി അഭിനയിച്ചു പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 11.2 – എലിക്കുഞ്ഞിന്റെ മത്തൻ തോണിയാത്ര

**വികാസമേഖലകൾ**
- സാമൂഹിക – വൈകാരികവികാസം
- ഭാഷാവികാസം
- സർഗാത്മകവികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്‌വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).
2. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു (18).

**ആശയം**
- പച്ചക്കറികൾ വലുപ്പത്തിലും ആകൃതിയിലും നിറത്തിലും വ്യത്യസ്തമാണ്.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, ക്രയോണുകൾ

**സന്ദർഭം**
- നാടുകാണാനിറങ്ങിയ മത്തന്റെ കഥാവതരണത്തിനു ശേഷം മത്തന്റെ കട്ടൗട്ടിന് നിറം നൽകി കുട്ടികൾ പപ്പറ്റ് തയാറാക്കുന്നു.

**പ്രക്രിയ**
- ആഖ്യാനം (തുടർച്ച): ചന്തുവേട്ടന്റെ വണ്ടിയിൽനിന്ന് ചാടിയിറങ്ങി ഓടിയ മത്തൻ യാത്രാമധ്യേ എലിക്കുഞ്ഞിനെ കാണുന്നു എന്ന സന്ദർഭം ആഖ്യാനരീതിയിൽ വിപുലീകരിച്ച് അവതരിപ്പിക്കുന്നു.
- വർക്ക്ഷീറ്റ് 11.2 – "എലിക്കുഞ്ഞിന്റെ മത്തൻതോണിയാത്ര"നൽകുന്നു.

ചിത്രം കുട്ടികൾക്ക് നിരീക്ഷിക്കാൻ അവസരം നൽകുന്നു.

- എലിക്കുഞ്ഞും മത്തനും തമ്മിൽ എന്തായിരിക്കും സംസാരിച്ചത്?
- കഥയിലെ ചില സംഭവങ്ങൾ ടീച്ചർ ചോദിക്കുന്നു. കുട്ടികൾ അതിന്റെ ചിത്രം തൊട്ടുകാണിക്കുന്നു.
- കഥ ഊഹിച്ചു പറയുന്നു.
- ടീച്ചർ വർക്ക്ഷീറ്റിലെ കഥ പറയുന്നു (ഭാവം ഉൾക്കൊണ്ട്).
  (എലിക്കുഞ്ഞിന് അമ്മയുടെ അടുത്തെത്തണം. പുഴകടക്കാൻ മത്തൻ സഹായിക്കുന്നു).
- യാത്രപറഞ്ഞ് പിരിയുമ്പോൾ എലിക്കുഞ്ഞ് എന്തായിരിക്കും പറഞ്ഞിരിക്കുക?

- ചിത്രത്തിലെ എലിക്കുഞ്ഞിനും മത്തനും നിറം നൽകുന്നു.
- ഏറ്റവും നന്നായി നിറം നൽകിയതാര്?
- കുട്ടികൾ പരസ്പരം വർക്ക്ഷീറ്റ് കൈമാറി നോക്കുന്നു-വിലയിരുത്തുന്നു.
- നിറം നൽകിയശേഷം കഥ വീണ്ടും പറയാനുള്ള അവസരം നൽകുന്നു.

## വിലയിരുത്തൽ

- ഉചിതമായ നിറം നൽകുന്നു.
- ചിത്രം നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 11.3 – ആരാണ് കേമൻ ?

**വികാസമേഖല**
- വൈജ്ഞാനികവികാസം

**ശേഷികൾ**

1. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം) (30).
2. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).

**ആശയം :**
വീട്ടിൽ പച്ചക്കറികൾ നട്ടുവളർത്താറുണ്ട്. വള്ളികളിലും ചെടികളിലും പച്ചക്കറികൾ കായ്ക്കുന്നു.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, ക്രയോണുകൾ

**സന്ദർഭം**
- കൃഷിപരിപാലനം – രീതി കുട്ടികൾ അഭിനയിക്കുന്നു. തുടർന്ന് പച്ചക്കറിത്തോട്ടത്തിന്റെ ചിത്രം ടീച്ചർ പ്രദർശിപ്പിക്കുന്നു. തോട്ടത്തിലെ പച്ചക്കറികൾ സംബന്ധിച്ച് കുട്ടികളോട് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.

**പ്രക്രിയ**

- ആഖ്യാനം
  - ഒരിടത്ത് രണ്ടു പച്ചക്കറികൾ ഉണ്ടായിരുന്നു. എന്നും മേനിപറച്ചിലായിരുന്നു ഇവരുടെ ജോലി. ഉരുണ്ടിരിക്കുന്നതുകൊണ്ട് 'ഞാനാണ്

സുന്ദരൻ, ഞാനാണ് വമ്പൻ, ഞാനാണ് കേമൻ' എന്ന് തണ്ണിമത്തൻ പറയും.

"ഉണ്ടപോലുരുണ്ടിട്ട്
വട്ടത്തിൽ ചാടീട്ട്
എവിടെയുമോടി ഞാനെത്തിടും."
തണ്ണിമത്തൻ കണ്ണുരുട്ടിപ്പറയും.
ഇതു കേൾക്കുമ്പോൾ പാവക്കയ്ക്ക്
കലിപ്പുവരും.
"ഞാനല്ലേ നിന്നേക്കാൾ കേമൻ, വമ്പൻ,
സുന്ദരൻ..."
പാവക്കയും പറയും.
"നീളത്തിലുരുണ്ടിട്ട്
വട്ടത്തിൽ ചാടീട്ട്
എവിടെയുമോടി ഞാനുമെത്തും."
പടവലവും വിട്ടുകൊടുക്കില്ല.

ഇതു കേൾക്കുമ്പോൾ തണ്ണിമത്തൻ പിന്നേയും മേനിപറയാൻ തുടങ്ങും. അതിനു മറുപടിയായി പാവക്ക വീണ്ടും മേനിപറച്ചിൽ തുടരും. അങ്ങനെയങ്ങനെ തോട്ടത്തിലെ പച്ചക്കറികളെല്ലാം മേനിപറച്ചിൽ തുടങ്ങി. നിങ്ങളും ഒന്നു പറഞ്ഞുനോക്കൂ.

വർക്ക്ഷീറ്റ് 11.3 – 'ആരാണ് കേമൻ'? നൽകുന്നു.

- മത്തങ്ങയുടെയും പടവലത്തിന്റെയും കേമത്തരം കുട്ടികളെക്കൊണ്ടു പറയിക്കണം. മറ്റു പച്ചക്കറികളുടെ മേനിപറച്ചിലും കുട്ടികൾ തന്നെ പറയട്ടെ.
- ചിത്രത്തിന് കുട്ടികൾ യോജ്യമായ നിറം നൽകുന്നു.
- മത്തന്റെയും പടവലത്തിന്റെയും പ്രത്യേകതകൾ ഓരോരുത്തരായി പറയുന്നു.
- പപ്പറ്റാക്കി മേനിപറയുന്നു.

- നിറം നൽകിയ വർക്ക്ഷീറ്റുകൾ കുട്ടികൾ കൈമാറുന്നു.
- ഏറ്റവും മികച്ച രീതിയിൽ / മനോഹരമായി നിറം നൽകിയത് ആരാണ്?

## വിലയിരുത്തൽ

- പച്ചക്കറികളുടെ പ്രത്യേകതകൾ പറയാൻ കഴിയുന്നു.

# തീം 12 ഗാന്ധിജയന്തി

ഗാന്ധിയപ്പൂപ്പനെ കുട്ടികൾക്ക് വളരെ ഇഷ്ടമാണ്. ഗാന്ധിജിയെക്കുറിച്ച് പാട്ടുകളിലൂടെയും കഥകളിലൂടെയും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ഈ തീമിലെ പ്രവർത്തനങ്ങൾ സഹായകമാണ്. ഗാന്ധിജയന്തിയുടെ ഭാഗമായി വിദ്യാലയം ശുചിയാക്കാനും അലങ്കരിക്കാനും മധുരം നൽകാനും നടത്തുന്ന ഒരുക്കങ്ങൾ കാണാനും തങ്ങൾക്കാവുംവിധം ഈ പ്രവർത്തനങ്ങളിലൊക്കെ പങ്കാളികളാകാനും കുട്ടികൾക്ക് അവസരം ലഭിക്കണം എന്നതാണ് ഈ തീമിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**പ്രവർത്തനക്രമം**

1. പാട്ട്-ഗാന്ധിയപ്പൂപ്പൻ
↓
2. വർക്ക്ഷീറ്റ് 12.1 – 'ബാഡ്ജ് തയാറാക്കൂ' നൽകൽ.
↓
3. സ്കൂൾ അലങ്കരിക്കാനുള്ള സാമഗ്രികൾ ഒരുക്കൽ (ഇല, കടലാസ്/നിറങ്ങൾ).
↓
4. ഓർമിക്കാം പറയാം – അലങ്കാരവസ്തുക്കൾ
↓
5. പ്രീസ്കൂൾ അലങ്കരിക്കൽ
↓
6. റാലി

## വർക്ക്ഷീറ്റ് 12.1 –"ബാഡ്ജ് തയാറാക്കൂ"

**വികാസമേഖല**
- ശാരീരിക ചാലക വികാസം

**ശേഷികൾ**
1. ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. (5)
2. ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ കേൾക്കൽ/പറയൽ.

**ആശയങ്ങൾ**
1. ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയ ദിനങ്ങൾ സ്കൂളുകളിൽ ആഘോഷമായി നടത്താറുണ്ട്.
2. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കാറുണ്ട്.

**സാമഗ്രികൾ**
- പെൻസിൽ, ക്രയോണുകൾ

**സന്ദർഭം**
- ഗാന്ധിജിയുടെ ഫോട്ടോ പ്രദർശിപ്പിക്കുന്നു. ഗാന്ധിജിയുടെ പിറന്നാൾ (ഒക്ടോബർ 2) ഓർമപ്പെടുത്തുന്നു.

**പ്രക്രിയ**

- ആഖ്യാനം

ഗാന്ധിജയന്തിദിനത്തിൽ പായസം കുടിക്കാനിരുന്നപ്പോൾ കണ്ണന് അമ്മ പറഞ്ഞത് ഓർമ വന്നു : "മോനേ, മുഴുവനും കഴിക്കണേ... ഭക്ഷണം വെറുതെ കളയരുത്. ആവശ്യമുള്ളതു മാത്രം എടുത്ത് കഴിക്കണം."
"എന്താ, കണ്ണാ പായസം കുടിക്കുന്നില്ലേ?' ടീച്ചർ ചോദിച്ചു. കണ്ണൻ പായസം കുടിക്കാൻ തുടങ്ങി. കുടിച്ചവർ കുടിച്ചവർ ഗ്ലാസ് കഴുകി വച്ചു. പിന്നെ അവർ ക്ലാസും പരിസരവും വൃത്തിയാക്കാൻ തുടങ്ങി.
"എന്തിനാ മക്കളേ ഇങ്ങനെ വൃത്തിയാക്കുന്നതെന്ന് അറിയാമോ?" ടീച്ചർ എല്ലാവരോടും ചോദിച്ചു. ആരും ഒന്നും മിണ്ടിയില്ല.

നമ്മുടെ ചുറ്റുപാടും എപ്പോഴും വൃത്തിയായി സൂക്ഷിക്കണം.

വൃത്തിയാക്കുകയെന്നത് ഗാന്ധിയപ്പൂപ്പന്റെ ശീലങ്ങളിൽ ഒന്നായിരുന്നു.

വൃത്തിയാക്കുന്നതിനിടയിൽ കണ്ണന് രണ്ട് പെൻസിലും ഒരു റബ്ബറും കിട്ടി. അവനത് ടീച്ചർക്ക് കൊടുത്തു.

വലിയ ആളായിട്ടും എഴുതാനായി ഒരിക്കൽ കുറ്റിപ്പെൻസിൽ തിരഞ്ഞെടുത്ത ഗാന്ധിയപ്പൂപ്പന്റെ കഥ നിങ്ങൾക്കറിയോ? ടീച്ചർ ചോദിച്ചു.

- കഥ — കുറ്റിപ്പെൻസിലിന്റെ കഥ ടീച്ചർ പറയുന്നു. (ICT യുടെ സഹായത്തോടെയുമാകാം).

- വർക്ക്ഷീറ്റ് 12.1 – "ബാഡ്ജ് തയാറാക്കൂ" നൽകുന്നു.

ബാഡ്ജിന്റെ ഒരു ഭാഗം കുത്തുകളിലൂടെ വരച്ചു പൂർത്തിയാക്കൂ. പേരെഴുതാം. ബാഡ്ജിന് നിറവും കൊടുക്കണേ. ഇഷ്ടമുള്ള ഏതു രൂപത്തിലും ബാഡ്ജ് നിർമിക്കാം.

ഉണ്ടാക്കിക്കഴിഞ്ഞാൽ ഈ ബാഡ്ജ് ധരിച്ച് സ്കൂൾ റാലിയിൽ പങ്കെടുക്കൂ.

ടീച്ചർക്ക് :

- ബാഡ്ജ് ഉണ്ടാക്കുന്നതിന് വർക്ക്ഷീറ്റ് ഫോട്ടോകോപ്പി എടുത്ത് നൽകാവുന്നതാണ്.

## വിലയിരുത്തൽ

- ഗാന്ധിജിയുമായി ബന്ധപ്പെട്ട കഥകളും പാട്ടുകളും ശ്രദ്ധയോടെ കേൾക്കുന്നു.
- ചിത്രം പൂർത്തിയാക്കി നിറം നൽകുന്നു.

# തീം 13 ജീവികൾ-വളർത്തുമൃഗങ്ങൾ, വളർത്തുപക്ഷികൾ

വീട്ടിൽ വളർത്തുന്ന ജീവികളെക്കുറിച്ചും അവയുടെ പ്രയോജനങ്ങളെക്കുറിച്ചും പരിമിതമായ ചില ധാരണകൾ കുട്ടികൾക്കുണ്ട്. അവ വിപുലപ്പെടുത്താനും ജീവികളെ പരിപാലിക്കുന്നതിനുള്ള മനോഭാവം രൂപീകരിക്കാനും ഈ തീമിലൂടെ കഴിയേണ്ടതുണ്ട്. വിവിധ വികാസമേഖലകളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം ആശയരൂപീകരണവും നടക്കണം.

**പ്രവർത്തനക്രമം**

1. വളർത്തുജീവികൾ പ്രമേയമായി വരുന്ന കഥ പറയൽ.
↓
2. ശബ്ദാനുകരണം
↓
3. ആയിത്തീരൽ കളി
↓
4. വർക്ക്ഷീറ്റ് 13.1 – 'ജീവികളെ വരയ്ക്കൂ' നൽകൽ.
↓
5. കൂട്ടപ്പാട്ട് (ചോദ്യോത്തരപ്പാട്ട് -കളിപ്പാട്ടം പേജ് 215)
↓
6. ചിത്രവായന
↓
7. സാമ്യവ്യത്യാസം (പക്ഷി/മൃഗം)
↓
8. മേനിപറച്ചിൽ
↓
9. വർക്ക്ഷീറ്റ് 13.2 – "വരച്ചു യോജിപ്പിക്കാം" നൽകൽ.
↓
10. പ്രകൃതിനടത്തം
↓
11. തൂവൽ ആൽബം
↓
12. ജീവിപരിപാലനം
↓
13. പാവകളി
↓
14. വർക്ക്ഷീറ്റ് 13.3 – 'എന്തിനുവേണ്ടി' നൽകൽ.
↓
15. കടങ്കഥ
↓
16. പാവനിർമാണംകളി
↓
17. വർക്ക്ഷീറ്റ് 13.4 – "കുസൃതിക്കുഞ്ഞുങ്ങളെ രക്ഷിക്കൂ" നൽകൽ

## വർക്ക്ഷീറ്റ് 13.1 – ജീവികളെ വരയ്ക്കൂ

**വികാസമേഖലകൾ**
- ശാരീരിക ചാലക വികാസം
- സർഗാത്മക സൗന്ദര്യാത്മകവികാസം.

**ശേഷികൾ**
1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ചു നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച് പേന) (5).

2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (80).

**ആശയം** പശു, ആട്, പട്ടി, പൂച്ച, മുയൽ, കോഴി തുടങ്ങിയ ജീവികളെ വീട്ടിൽ വളർത്തുന്നു.

**സാമഗ്രികൾ**
- പെൻസിൽ, ക്രയോൺ, സ്കെച്ച് പേന

**സന്ദർഭം**
- ജീവികളുമായി ബന്ധപ്പെട്ട പാട്ടുകൾ പാടിയ ശേഷം.

**പ്രക്രിയ**

- **പാട്ട്**

“ഞങ്ങടെ വീട്ടിൽ കോഴിയുണ്ടേ
കോഴിക്ക് കാലുകൾ രണ്ടാണേ
ഞങ്ങടെ വീട്ടിൽ പശുവുണ്ടേ
പശുവിന് കാലുകൾ നാലാണേ
..............................................................
..............................................................”

കുട്ടികൾ മറ്റുജീവികളുടെ പേരുകൾ ചേർത്ത് വരികളുണ്ടാക്കി പാടുന്നു. കാലുകൾക്കു പകരം, കണ്ണ്, ചെവി, വാൽ എന്നിവ ചേർത്തും വരികൾ മാറ്റിപ്പാടട്ടെ.

ഓരോരുത്തർക്കും ഇഷ്ടപ്പെട്ട ജീവിയെക്കുറിച്ച് പറയാൻ അവസരം നൽകുന്നു.

മൂകാഭിനയം : ജീവികളുടെ ചലനങ്ങൾ മൂകാഭിനയം നടത്തിയതിനുശേഷം.

വർക്ക്ഷീറ്റ് 13.1 – ‘ജീവികളെ വരയ്ക്കൂ’ നൽകുന്നു.

- ഇഷ്ടമുള്ള രണ്ടു ജീവികളെ സ്വതന്ത്രമായി വരയ്ക്കുന്നു.
- നിറം നൽകുന്നു.
- വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.
- വരച്ച ജീവിയുടെ ഓരോ പ്രത്യേകത പറയുന്നു

## വിലയിരുത്തൽ

- സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു.
- വരച്ച ചിത്രങ്ങൾക്ക് യോജിച്ച നിറം നൽകി ഭംഗിയാക്കിയിട്ടുണ്ട്.
- ഇഷ്ടപ്പെട്ട ജീവികളെക്കുറിച്ച് സങ്കോചമില്ലാതെ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 13.2 – വരച്ചു യോജിപ്പിക്കാം

**വികാസമേഖല**
- വൈജ്ഞാനികവികാസം,

**ശേഷി**
- വീട്ടുമൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ, വീട്ടുപക്ഷികൾ, കാട്ടിലെ പക്ഷികൾ എന്നിവയെ തിരിച്ചറിയുന്നതിനും സവിശേഷതകൾ പറയുന്നതിനും വാസസ്ഥലങ്ങൾ തിരിച്ചറിഞ്ഞ് പറയുന്നതിനും കഴിയുന്നു (34).

**ആശയങ്ങൾ**
1. പശു, ആട്, കാള, പട്ടി, പൂച്ച മുതലായവയെ വീട്ടിൽ വളർത്തുന്നു.
2. വളർത്തുമൃഗങ്ങളെക്കൊണ്ട് ഉപയോഗമുണ്ട്.

**സാമഗ്രികൾ** • വർക്ക്ഷീറ്റ്, പെൻസിൽ

**സന്ദർഭം** • വീട്ടിലെ മൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ചയ്ക്ക് ശേഷം.

**പ്രക്രിയ**

• ആഖ്യാനം : **കുറുക്കന്റെ കല്യാണം**

മഴയും വെയിലും ഒന്നിച്ചു വന്നു.
ഹായ്... നാട്ടിലാകെ കുറുക്കന്മാരുടെ കല്യാണമായി. ഫോക്സിക്കുറുക്കന്റെ കല്യാണം ക്ഷണിക്കാൻ കൂട്ടുകാരെല്ലാം ഒത്തുചേർന്നു. എല്ലാവരെയും ക്ഷണിക്കണം. കാട്ടിലെ എല്ലാ മൃഗങ്ങളെയും ക്ഷണിച്ചു. പിന്നെ നാട്ടിലിറങ്ങി. എല്ലാ വീട്ടുമൃഗങ്ങളെയും ക്ഷണിച്ചു.
"ഞങ്ങൾ നാട്ടുമൃഗങ്ങൾ കാട്ടിലെ കല്യാണത്തിനു വന്നാൽ ഉപദ്രവിക്കുമോ?" പശുവും ആടുമൊക്കെ ചോദിച്ചു.
"ഇല്ല. വേറെ വേറെ പന്തലിലിരുത്താം."

കുരങ്ങച്ചനാണ് എല്ലാവരെയും സ്വീകരിച്ചത്. (അഭിനയം, "അല്ല, ഇതാരാ? ആനച്ചേച്ചിയോ" "വന്നാട്ടെ, ഇരുന്നാട്ടെ..." എന്ന രീതിയിൽ)

വീട്ടുമൃഗങ്ങൾ ഒരു പന്തലിലും കാട്ടുമൃഗങ്ങൾ മറ്റൊരു പന്തലിലും.

പശുവിനെ കണ്ടപ്പോൾ സിംഹത്തിന് കൊതിയായി. "കല്യാണം അലങ്കോലമാക്കരുതേ"- കരടി ഓർമിപ്പിച്ചു.

സിംഹം അതനുസരിച്ചു.

ഇനി സദ്യ. അതു കഴിഞ്ഞ് കല്യാണം.
എല്ലാവരും വയറുനിറച്ച് സദ്യകഴിച്ചു. വയറു നിറഞ്ഞപ്പോൾ വീട്ടുമൃഗങ്ങൾ നാട്ടിലേക്കും കാട്ടുമൃഗങ്ങൾ കാട്ടിലേക്കും മടങ്ങിതുടങ്ങി.

• വർക്ക്ഷീറ്റ് 13.2 – 'വരച്ച് യോജിപ്പിക്കാം' നൽകുന്നു.

• ചിത്രവായന
  • ചിത്രത്തിൽ ആരെല്ലാം?
  • ഓരോ മൃഗവും എങ്ങോട്ടാവും പോയിട്ടുണ്ടാവുക?
  • വഴി വരച്ച് യോജിപ്പിക്കുന്നു.

**ആഖ്യാനം** (തുടർച്ച) : കല്യാണസദ്യ കഴിഞ്ഞ് എല്ലാവരും പോയില്ലേ. പക്ഷേ, ഒരു കാര്യം എല്ലാവരും മറന്നു. എന്തു കാര്യമാണ് മറന്നത്?

കുറുക്കന്റെ കല്യാണമുഹൂർത്തമായപ്പോൾ ഒരൊറ്റ ജീവിയുമില്ല. കുറുക്കച്ചൻ കൂവിവിളിച്ചു. കുറുക്കച്ചി കൂവിവിളിച്ചു. കുറുക്കന്മാരെല്ലാരും കൂടി കൂവിവിളിച്ചു.

ആരുണ്ട് കേൾക്കാൻ? കുറുക്കൻ താലികെട്ടി. "അപ്പോൾ കുരവയിടുന്നതാരാ ?" പക്ഷികൾ ചോദിച്ചു. വീണ്ടും അവർ കൂവിവിളിച്ചു. കുറുക്കന്മാർ ഇപ്പോഴും രാത്രിയാകുമ്പോൾ കൂവിവിളിക്കാറുണ്ട്. സദ്യ ഉണ്ടു പോയവരെ വിളിക്കുകയാ. കേട്ടവർപോലും കേട്ടഭാവം നടിക്കാറില്ല.

## വിലയിരുത്തൽ

• കാട്ടിലെ മൃഗങ്ങളുടെയും നാട്ടിലെ മൃഗങ്ങളുടെയും വാസസ്ഥലം തിരിച്ചറിഞ്ഞ്, വരച്ച് യോജിപ്പിക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 13.3 – എന്തിനു വേണ്ടി?

**വികാസമേഖല** • വൈജ്ഞാനികവികാസം

| | | |
|---|---|---|
| **ശേഷി** | • | കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31). |
| **ആശയങ്ങൾ** | 1. | പശു, ആട്, കാള, പട്ടി, പൂച്ച മുതലായവയെ വീട്ടിൽ വളർത്തുന്നു. |
| | 2. | വളർത്തുമൃഗങ്ങളെക്കൊണ്ട് ഉപയോഗമുണ്ട്. |
| **സാമഗ്രികൾ** | • | വർക്ക്ഷീറ്റ്, പെൻസിൽ |
| **സന്ദർഭം** | : | വീട്ടിൽ വളർത്തുന്ന ജീവികൾ, അവയുടെ ഉപയോഗം എന്നിവ പറഞ്ഞതിനുശേഷം പ്രവർത്തനം അവതരിപ്പിക്കുന്നു. |

**പ്രക്രിയ**

| | | |
|---|---|---|
| • പാട്ട് | – | വീട്ടുമൃഗങ്ങൾ (കളിപ്പാട്ടം പേജ് 212) പാടുന്നു. കുട്ടികൾ ഏറ്റുപാടുന്നു. |
| • ചർച്ച | – | പാടിയതിനുശേഷം ജീവികളെക്കുറിച്ച് ചോദിക്കുന്നു. |

'പശുവിനെ എന്തിനു വേണ്ടിയാണ് വളർത്തുന്നത്?' ഇങ്ങനെ ചോദ്യങ്ങളിലൂടെ പാട്ടിലെ ആശയം പരിചയപ്പെടുത്തുന്നു.

വർക്ക്ഷീറ്റ് 13.3 – 'എന്തിനു വേണ്ടി?' നൽകുന്നു.

- ചിത്രത്തിൽ ഇടതു ഭാഗത്തുള്ളവ എന്തെല്ലാം?
- വലതുഭാഗത്തുള്ളവ എന്തെല്ലാം? ഓരോ ജീവിയിൽ നിന്നും കിട്ടുന്നവ വരച്ചു യോജിപ്പിക്കുന്നു.
- പറയുന്നു.

| | | |
|---|---|---|
| ടീച്ചർക്ക് | : | ആസ്വാദ്യമായി പ്രവർത്തനം അവതരിപ്പിക്കണം. പ്രത്യേകിച്ചും ആഖ്യാനമില്ലാത്ത സാഹചര്യത്തിൽ. |

## വിലയിരുത്തൽ

- ജീവികളെയും അവയിൽ നിന്ന് ലഭിക്കുന്നതും കൃത്യമായി വരച്ചു യോജിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ജീവികളും അവയുടെ ഉപയോഗവും പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 13.4 –കുസൃതിക്കുഞ്ഞുങ്ങളെ രക്ഷിക്കൂ!

| | | |
|---|---|---|
| **വികാസമേഖല** | • | ശാരീരിക ചാലക വികാസം |
| **ശേഷി** | : | പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13). |
| **ആശയം** | : | ചില പക്ഷികളെ വീട്ടിൽ വളർത്താറുണ്ട്. |
| **സാമഗ്രികൾ** | • | വർക്ക്ഷീറ്റ്, പെൻസിൽ |
| **സന്ദർഭം** | • | വീട്ടിൽ വളർത്തുന്ന പക്ഷികളെപ്പറ്റി പറഞ്ഞതിനുശേഷം പ്രവർത്തനത്തിലേക്ക് കടക്കുന്നു. |

**പ്രക്രിയ**

| | |
|---|---|
| • ആഖ്യാനം | ഒരിടത്ത് ഒരു വെള്ളത്തള്ളക്കോഴിയും ഏഴ് കുസൃതിമക്കളുമുണ്ടായിരുന്നു. തള്ളക്കോഴി പറയുന്നതൊന്നും മക്കൾ കേൾക്കുകയേയില്ല. അങ്ങോട്ട് നടക്കെന്ന് പറഞ്ഞാൽ ഇങ്ങോട്ടേ നടക്കൂ.... ഇങ്ങോട്ടെന്നു പറഞ്ഞാൽ അങ്ങോട്ട്. |

ഗതികെട്ട് തള്ളക്കോഴി എന്നും കൊക്കക്കോ... കൊക്കക്കോന്ന് അലറിക്കരയും. ഒരുദിവസം അടുത്തുള്ള പുളിമാവിൻ കൊമ്പത്ത് ചെമ്പൻപരുന്തും കൂട്ടുകാരും എത്തി. എത്തിയപ്പോഴേ അവർ ഞ്ഞി..ഞ്ഞി...ഞ്ഞി... എന്നുള്ള കുഞ്ഞിക്കരച്ചിലുകൾ കേട്ടു. നോക്കിയപ്പോഴോ, കുറേ കുഞ്ഞിക്കോഴികൾ. മാവിൻകൊമ്പിൽ പരുന്തുകളെ കണ്ട അമ്മക്കോഴി വിളിച്ചുപറഞ്ഞു : "വേഗം കൂട്ടിൽ കയറൂ മക്കളേ." മക്കളുണ്ടോ കയറുന്നു. അവർ അനുസരിച്ചില്ല. ''അമ്മ വേണേൽ കയറിക്കോ.' അവർ പറഞ്ഞു. പാവം തള്ളക്കോഴി എന്തു ചെയ്യും? ചെമ്പൻപരുന്ത് വട്ടമിട്ടു പറക്കാൻ തുടങ്ങി. 'പട പട' ശബ്ദം കേട്ട തള്ളക്കോഴി അലറിവിളിച്ചു. "കൊക്കക്കോ കൊക്കക്കോ..." പരുന്ത് കൂർത്ത നഖവുമായി താണു പറന്നു. ഒരു കോഴിക്കുഞ്ഞിനെ റാഞ്ചാൻ നോക്കി. അപ്പോഴാണ് കോഴിക്കുഞ്ഞുങ്ങൾക്ക് അപകടം മനസ്സിലായത്. അവർ പേടിച്ചു. പേടിച്ചു വിറച്ചു നിൽക്കുന്ന കോഴിക്കുഞ്ഞുങ്ങളെ വീട്ടിലെത്തിക്കാമോ?

- വർക്ക്ഷീറ്റ് 13.4 – 'കുസൃതിക്കുഞ്ഞുങ്ങളെ രക്ഷിക്കൂ' നൽകുന്നു.
- ചിത്രവായന
  - ചിത്രത്തിൽ എന്തെല്ലാം?
  - കോഴിക്കുഞ്ഞുങ്ങളെ കൂട്ടിലെത്തിക്കാനുള്ള വഴി വരയ്ക്കുന്നു.

## വിലയിരുത്തൽ

- തെറ്റുകൂടാതെ വഴി വരയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

# തീം 14 വന്യജീവികൾ

കാട്ടിൽ പലതരം മൃഗങ്ങൾ ജീവിക്കുന്നുവെന്ന ആശയം രൂപപ്പെടണം. ചെറുതും വലുതുമായ ജീവികളും സസ്യാഹാരം കഴിക്കുന്ന മൃഗങ്ങളും മാംസാഹാരം കഴിക്കുന്ന മൃഗങ്ങളും വന്യജീവികളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന ആശയവും ഈ തീമിലൂടെ വിനിമയം ചെയ്യപ്പെടണം.

**പ്രവർത്തനക്രമം**

1. ആന തലകുലുക്കി, ചെവിയാട്ടി, ആടിയാടി വരട്ടെ (കളി, ചലനാനുകരണം)
↓
2. കൊളാഷ് നിർമാണം (മരങ്ങൾ)
↓
3. വർക്ക്ഷീറ്റ് 14.1 – 'കുത്തുകൾ യോജിപ്പിക്കൂ' നൽകൽ
↓
4. പാട്ടുപാടൽ (ഒരു വിരലാടുമ്പോൾ)
↓
5. കളി– എത്ര പേർ? എത്ര പേർ?
↓
6. വീഡിയോ കണ്ട് കാര്യകാരണബന്ധം പറയൽ
↓
7. കഥ (റോൾപ്ലേ, ചിത്രംവര, അഭിനയം)
↓
8. ആൽബം തയാറാക്കൽ (വന്യമൃഗങ്ങൾ/വീട്ടുമൃഗങ്ങൾ/പക്ഷികൾ)
↓
9. വർക്ക്ഷീറ്റ് 14.2 – 'ജിഗ്സോ പസിൽ' നൽകൽ
↓
10. ലഘു വ്യായാമക്കളി (ഇടതുകൈ വലതുകൈ, ഇരുകൈ നിരനിര ഉയരാം)
↓
11. മൃഗരൂപങ്ങൾ നിർമിക്കാം
↓
12. ആകെ എത്ര? (5-ൽ താഴെ എണ്ണം, കണ്ടെത്തൽ)
↓
13. ഇലമൃഗശാല
↓
14. കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ട്
↓
15. വർക്ക്ഷീറ്റ് 14.3 – "ചിത്രംനോക്കി കഥപറയാം" നൽകൽ

## വർക്ക്ഷീറ്റ് 14.1 –കുത്തുകൾ യോജിപ്പിക്കൂ

| | |
|---|---|
| **വികാസമേഖലകൾ** | • ശാരീരിക ചാലക വികാസം<br>• സർഗാത്മക-സൗന്ദര്യാത്മകവികാസം |
| **ശേഷി** | • പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13). |
| **ആശയം** | • കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്. |
| **സാമഗ്രികൾ** | • വർക്ക്ഷീറ്റ്, പെൻസിൽ, ക്രയോണുകൾ |

**സന്ദർഭം**

- കാട്ടിൽ ജീവിക്കുന്ന മൃഗങ്ങൾ, അവയുടെ ആവാസകേന്ദ്രം എന്നിവയെക്കുറിച്ചുള്ള ചർച്ചയ്ക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം: : കാക്ക സങ്കടത്തിലാണ്.

മരക്കൊമ്പിലെ ഉയർന്നചില്ലയിൽ അതിനൊരു കൂടുണ്ട്. അവിടെയായിരുന്നു കാക്ക മുട്ടയിടുന്നത്. എന്നാൽ ഇരതേടി തിരികെ കൂട്ടിലേക്ക് വരുമ്പോൾ ഒറ്റ മുട്ടയും കാണില്ല.

എവിടെപ്പോയി മുട്ടയെല്ലാം? കാക്കയ്ക്ക് സങ്കടം വരും. അങ്ങനെ കാക്ക മുട്ടയ്ക്ക് കാവലാളായി കുരങ്ങിനെ വച്ചു. കുരങ്ങനാണെങ്കിൽ മരം മുഴുവൻ കയറിമറിയുമല്ലോ. എന്നിട്ടോ?

ഒരു ദിവസം അതാ മുട്ടക്കള്ളൻ വരുന്നു. ആരായിരിക്കും?

സ്വതന്ത്രപ്രതികരണം.

വർക്ക്ഷീറ്റ് 14.1 – “കുത്തുകൾ യോജിപ്പിക്കൂ” നൽകുന്നു.

ചിത്രവായന

- മരത്തിൽ ആരെല്ലാം?
- കുത്തുകൾ യോജിപ്പിക്കുന്നു.
- നിറം നൽകുന്നു

ആഖ്യാനം (തുടർച്ച)

അത് വലിയൊരു പാമ്പായിരുന്നു. പാമ്പ് മരത്തിലേക്ക് കയറുന്നത് കുരങ്ങൻ കണ്ടു.

മെല്ലെമെല്ലെ പാമ്പ് മരത്തിനടുത്തേക്ക് ഇഴഞ്ഞെത്തി. എന്നിട്ട് അതിലും മെല്ലെ ഇഴഞ്ഞിഴഞ്ഞ് മരത്തിലേക്ക് കയറി.

അമ്പട, കള്ളപ്പാമ്പേ... കുരങ്ങൻ ബഹളം വച്ചു. പിന്നീട് എന്തു സംഭവിച്ചിട്ടുണ്ടാവും? പറഞ്ഞുനോക്കാമോ?

ഇതെല്ലാം കണ്ട് കാട്ടിലെ മന്ത്രിപ്പുലിയും പുലിയുടെ കൂട്ടുകാരൻ കരടിയും മരത്തിൽത്തന്നെ ഉണ്ടായിരുന്നു. ബഹളം കേട്ട് ഒരു പരുന്തും പാറി വന്ന് മരച്ചില്ലയിലിരുന്നു. എല്ലാവരും ചേർന്ന് പാമ്പിനെ ഓടിച്ചു.

സഹികെട്ട പാമ്പ് അവസാനം താഴേക്ക് ഇറങ്ങി. വേഗത്തിൽ ഓടി രക്ഷപ്പെട്ടു. കാക്കയ്ക്ക് സമാധാനവുമായി.

## വിലയിരുത്തൽ

- കുത്തുകൾ യോജിപ്പിക്കാൻ കഴിയുന്നു.
- ഉചിതമായ നിറം നൽകുന്നു.
- മരത്തിൽ ആരെല്ലാമുണ്ടെന്ന് പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 14.2 – ജിഗ്സോ പസിൽ

**വികാസമേഖലകൾ**

- വൈജ്ഞാനികവികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ**

1. വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു (40).
2. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു (7).

**ആശയം**

- കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്.

**സാമഗ്രികൾ**

- വർക്ക്ഷീറ്റ്, പെൻസിൽ, കത്രിക, പശ

**സന്ദർഭം**

- വിവിധതരം മൃഗങ്ങളെപ്പറ്റി പറയുന്നു. നാട്ടിൽ വളരുന്ന ജീവികൾ, കാട്ടിൽ വളരുന്ന ജീവികൾ, അവയുടെ സവിശേഷതകൾ എന്നിവയെക്കുറിച്ചുള്ള ചർച്ചയ്ക്കുശേഷം.

പ്രക്രിയ

- ആഖ്യാനം — അമ്മുവിന് ഒരു ആനയുടെ ചിത്രം കിട്ടി. എന്നും അമ്മു ആ ചിത്രം എടുക്കും. നോക്കിയിരിക്കും. കുട്ടിയാനയോട് ഓരോരോ കാര്യം പറയും. ഒരു ദിവസം അമ്മു ചിത്രം നോക്കി പഴം തിന്നുകയായിരുന്നു. അപ്പോൾ കുട്ടിയാന തുമ്പിക്കൈ നീട്ടി. അമ്മു ഒരു പഴം കൊടുത്തു. അടുത്തദിവസം അമ്മു പുറത്തുപോയ സമയം വീട്ടിലെ ചെറിയകുട്ടി ആനയുടെ ചിത്രമെടുത്തു. കുട്ടിയാന കൊമ്പുകുലുക്കി. കുട്ടി കത്രിക എടുത്ത് തുമ്പിക്കൈ മുറിച്ചു. വീണ്ടും ചിത്രത്തെ കഷണം കഷണമാക്കി. തിരിച്ചു വന്ന അമ്മു കരയാൻ തുടങ്ങി. മുറിച്ചിട്ട കഷണങ്ങൾ ചേർത്ത് ആനയെ പഴയ പോലെയാക്കി അമ്മുവിന് കൊടുക്കാമോ?
- വർക്ക്ഷീറ്റ് 14.2 – 'ജിഗ്സോ പസിൽ' നൽകുന്നു.
  വർക്ക്ഷീറ്റിൽ പലേടത്തായി കാണുന്ന ശരീരഭാഗങ്ങൾ മുറിച്ചെടുത്ത് തറയിൽ ക്രമീകരിച്ച് ആനയുടെ ചിത്രം പൂർത്തിയാക്കാമോ?
- ടീച്ചർക്ക് — വർക്ക്ഷീറ്റ് ഫോട്ടോകോപ്പി എടുത്ത് പ്രവർത്തനം ചെയ്യേണ്ടതാണ്.

## വിലയിരുത്തൽ

- കഷണങ്ങൾ മുറിച്ചെടുക്കുന്നു.
- തറയിൽ ക്രമീകരിക്കുന്നു.

## വർക്ക്ഷീറ്റ് 14.3 – 'കഥ പറയാം.'

| | |
|---|---|
| **വികാസമേഖല** | • ഭാഷാവികാസം |
| **ശേഷി** | • ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി, എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14). |
| **ആശയം** | • കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്. |
| **സാമഗ്രി** | • കഥാചിത്രം |
| **സന്ദർഭം** | • വന്യമൃഗങ്ങളെപ്പറ്റി പറഞ്ഞുകൊണ്ട് കഥാചിത്രം പരിചയപ്പെടുത്തുന്നു. |

പ്രക്രിയ

- വർക്ക് ഷീറ്റ് 14.3 – 'കഥ പറയാം' നൽകുന്നു.
- ചിത്രവായന
  - ആരൊക്കെയാണ് ചിത്രത്തിലുള്ളത്?
  - എന്താണ് അവിടെ നടക്കുന്നത്?
- കഥപറയൽ
  - കുട്ടികൾ ചിത്രം നോക്കി സ്വന്തമായി കഥ പറയുന്നു.
- ആഖ്യാനം
  - ടീച്ചർ കഥ ക്രമമായി അവതരിപ്പിക്കുന്നു.

  പട പട പടോ... വലിയ ശബ്ദം.
  എന്തെല്ലാമോ ഇടിഞ്ഞുവീഴുന്നു. മരങ്ങൾ ആടിയുലയുന്നു. മണ്ണിടിഞ്ഞ് വീഴുന്നു.
  മൃഗങ്ങൾക്കെല്ലാം പേടിയായി.
  കുറുക്കനാണ് പറഞ്ഞത്: "നമ്മുടെ മല മനുഷ്യർ ഇടിച്ചു കൊണ്ടുപോവുകയാണ്."

“അയ്യോ ! എന്തു ചെയ്യും? “എല്ലാവർക്കും ഭയമായി. മരങ്ങളെല്ലാം മുറിച്ചിടുകയാണ്” - കിളികൾ പറഞ്ഞു.
മുളങ്കാട്ടിൽനിന്നു പിടിയാനകൾ വന്നു. അവർ പറഞ്ഞു : “നമുക്ക് ഒന്നിച്ചു നിന്നാൽ നമ്മുടെ മലയെ രക്ഷിക്കാം.”
“നമുക്കിവിടെ സുഖമായി താമസിക്കുകയും ചെയ്യാം.”
“എന്താ അതിനൊരു വഴി?” മൃഗങ്ങൾ ചോദിച്ചു. ആന പറഞ്ഞു: ‘വഴിയുണ്ട്.’
ആന, കടുവ, കരടി, കാട്ടുപോത്ത്, കുറുക്കൻ, മാൻ, കീരി, പാമ്പ്, പക്ഷികൾ... എല്ലാവരും ജാഥയായി മലയിടിക്കുന്നവരുടെ അടുത്തേക്ക് നീങ്ങി. ആന അലറി, കുറുക്കൻ കൂകി, കടുവ ചീറി, പാമ്പുകൾ കൂട്ടമായി ഇഴഞ്ഞു ചെന്നു. പക്ഷികൾ തലയിൽ ഞോടി.

‘അയ്യോ രക്ഷിക്കണേ...’
മലയിടിക്കുന്ന മനുഷ്യർ ഓടി രക്ഷപ്പെട്ടു.
മൃഗങ്ങളെല്ലാം ആർത്തു ചിരിച്ചു. “ഇനി ഇവിടെയെല്ലാം മുറിച്ച മരങ്ങളുടെ തൈകൾ മുളപ്പിക്കണം. സുഖമായി നമുക്ക് കഴിയുകയും ചെയ്യാം.” മൃഗങ്ങൾ ഒരേ സ്വരത്തിൽ പറഞ്ഞു.

ടീച്ചർക്ക് : കുട്ടികളെക്കൊണ്ട് കഥ രൂപപ്പെടുത്തുന്ന തരത്തിൽ ഓരോ രംഗത്തിനും അനുയോജ്യമായ ചോദ്യങ്ങൾ ചോദിച്ച് പ്രവർത്തനം ചെയ്യാവുന്നതാണ്.

## വിലയിരുത്തൽ

- ചിത്രം നോക്കി സ്വന്തമായി കഥ പറയാൻ കഴിയുന്നു.

# തീം 15 മണ്ണ്, കൃഷി

ചെടികൾ വളരുന്നത് മണ്ണിലാണ്. മണ്ണിര, ഉറുമ്പ്, ചിതൽ, കുഴിയാന തുടങ്ങിയ ജീവികൾ മണ്ണിലുണ്ട്. മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു. വിത്തുകൾ മുളപ്പിച്ചും കമ്പുകൾ നട്ടും കൃഷിചെയ്യുന്നു. കൃഷി ചെയ്യാൻ ഉപകരണങ്ങൾ ആവശ്യമുണ്ട്. മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവ കൃഷിചെയ്യാൻ സഹായിക്കുന്നു.

**പ്രവർത്തനക്രമം**

1. മണ്ണുകൊണ്ടു കളിക്കൽ
   (പൂന്തിട്ട് കളി – വിസിൽ വിളിച്ച് നിശ്ചിത സമയത്തിനുള്ളിൽ– കൈയിൽ മണ്ണ് വാരി എടുത്ത് ചെറിയകൂനകൾ ഉണ്ടാക്കുന്നു.

   ↓

2. മണ്ണിൽ വരയ്ക്കൽ
   (മണൽത്തടം/നിലത്ത്-മണലിൽ, ചിത്രം വര-കാൽ ഉപ്പൂറ്റി ഊന്നി മണ്ണിൽ വൃത്തം വരയ്ക്കൽ, വൃത്തം ജീവികളുടെ ചിത്രമാക്കി മാറ്റൽ)

   ↓

3. മണൽച്ചിത്രം തയാറാക്കൽ
   (ചെടിയുടെ ചിത്രം/ഔട്ട്ലൈൻ പശ തേച്ച് മണൽ വിതറി തയാറാക്കൽ) – നിറം നൽകൽ.

   ↓

4. മണലിൽ കട്ടൗട്ട് ചെടി നടൽ
   (ചെടികളുടെ കട്ടൗട്ടുകൾ നൽകുന്നു. വീഴാതെ നിർത്താൻ കഴിയുമോ? മൺകൂന ഉണ്ടാക്കി കട്ടൗട്ടുകൾ ഉറപ്പിക്കുന്നു.)

   ↓

5. എവിടെയെല്ലാം ചെടികൾ?
   (ചർച്ച, സൗഹൃദഭാഷണം എന്നിവയ്ക്കു ശേഷം എവിടെ മരങ്ങൾ? നിറം നൽകാം. മരം വരയ്ക്കാം/വരച്ച് യോജിപ്പിക്കാം).

   ↓

6. മണ്ണിനെക്കുറിച്ച് പാട്ട് – "ആഹാ നല്ല പഞ്ചാരമണൽ പുഞ്ചിരി തൂകും പഞ്ചാരമണൽ"

   ↓

7. മണ്ണ് കുഴയ്ക്കാം, രൂപങ്ങൾ ഉണ്ടാക്കാം. മണ്ണപ്പം ചുട്ടു കളിക്കാം (1–3 എണ്ണം).

   ↓

8. വർക്ക്ഷീറ്റ് 15.1 – 'മണ്ണിലെ കൂട്ടുകാർ' നൽകൽ.

   ↓

9. സ്കൂൾ പരിസരത്ത് എന്തൊക്കെ ചെടികൾ? എന്തൊക്കെ കൃഷികൾ?

   ↓

10. ചിത്രപ്രദർശനം (സ്ലൈഡ് ഷോ/ചാർട്ട്)/പ്രകൃതിനടത്തം.

    ↓

11. കൃഷിപ്പേരു പറയൽ

    ↓

12. വർക്ക്ഷീറ്റ് 15.2 – 'നമുക്കും കൃഷിചെയ്യാം' നൽകൽ

    ↓

13. കൃഷിയിടത്തിൽ എന്തൊക്കെ ജീവികൾ?/കൃഷി ഉപകരണങ്ങൾ (ഐ.സി.ടി)

    ↓

14. ചിത്രങ്ങൾ കാണിക്കുമ്പോൾ പേര്/ഉപയോഗം പറയൽ

    ↓

15. മണൽത്തടത്തിൽ ക്രമീകരിക്കാം (ചേന/വാഴക്കുല) പാട്ടുപാടാം, ഏറ്റുപാടാം.

↓

16. വീട്ടിലെ കൃഷി (സൗഹൃദസംഭാഷണം)

↓

17. കൃഷിപ്പാട്ടുകൾ പാടൽ (കളിപ്പാട്ടം പേജ് നമ്പർ 214)

↓

18. വർക്ക്ഷീറ്റ് 15.3 – 'കഥമെനയാം' നൽകൽ.

## വർക്ക്ഷീറ്റ് 15.1 – 'മണ്ണിലെ കൂട്ടുകാർ'

**വികാസമേഖലകൾ**
- ഭാഷാവികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ**
1. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).
2. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി ജീവജാലങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30).

**ആശയം**
- മണ്ണിൽ ജീവികൾ ഉണ്ട്.

**സാമഗ്രികൾ**
- പ്രാണിനിരീക്ഷണി (ഹാൻഡ്‌ലെൻസ്)

**സന്ദർഭം** : മണ്ണ് കുഴയ്ക്കാം. രൂപങ്ങൾ ഉണ്ടാക്കാം പ്രവർത്തനത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം : കോഴിയമ്മ മണ്ണ് ചിക്കി.
കുഞ്ഞുങ്ങൾ ചുറ്റും കൂടി.
"അതാ ഒരു പാമ്പ്!" കുഞ്ഞിക്കോഴി പറഞ്ഞു.
മറ്റുള്ളവർ പേടിച്ചു.
"എവിടെ?" തള്ളക്കോഴി ചോദിച്ചു.
"ദേ, ആ ഇലയ്ക്കടിയിൽ." തള്ളക്കോഴി ഇല മറിച്ചിട്ടു. കൈയും കാലുമില്ല, വളഞ്ഞു പുളഞ്ഞു കിടക്കുന്നു. തലയുണ്ട്, വാലുണ്ട്, നീണ്ട ഉടലുണ്ട്. എന്നാലും ഇതു പാമ്പല്ല.
"പിന്നെ?"
"മണ്ണിരയാ മണ്ണിര," "മണ്ണിര കടിക്കില്ല."
"എവിടെ കാണട്ടെ?" കോഴിക്കുഞ്ഞുങ്ങൾ വട്ടംകൂടി. അയ്യോ! അതിനെ കാണാനില്ല!
"അമ്മേ, അത് മണ്ണായി." "മണ്ണായതല്ല, മണ്ണിലെ ചെറിയ സുഷിരത്തിലേക്ക് അത് വലിഞ്ഞതാ." അമ്മ പറഞ്ഞു. "മണ്ണിരയെ തിന്നാമോ?" ഒരു കോഴിക്കുഞ്ഞു ചോദിച്ചു.
"പിന്നെന്താ?" "എനിക്ക് മണ്ണിര വേണം."
"എനിക്കും വേണം." എല്ലാവരും പറഞ്ഞു.
തള്ളക്കോഴി ചിക്കിയിളക്കി നോക്കി. മണ്ണിരയെ കിട്ടിയില്ല.
"എല്ലാവരും വാ, പോകാം." അവർ നടന്നു നീങ്ങിയപ്പോൾ മണ്ണിര പതിയെ തലനീട്ടി. തിരിഞ്ഞുനോക്കിയ കോഴിക്കുഞ്ഞ് അതുകണ്ടു. ഓടിച്ചെന്ന് കൊത്തിവലിച്ചു. വലിച്ചിട്ടും വലിച്ചിട്ടും പിന്നേം കിടക്കുന്നു ബാക്കി.

മറ്റുള്ളവരും വന്നു.
'ഏലേം.. ഏലേം..' ഒത്തുപിടിച്ചു വലിച്ചു. മണ്ണിര പുറത്തു വന്നു.
"അമ്മേ, ഇതിന് കാലില്ല." "അമ്മേ, ഇതിന് വാലില്ല." "അമ്മേ, ഇതിന് ചിറകില്ല." "ഇതിന്റെ വായ എവിടെയാ?"
കോഴിക്കുഞ്ഞുങ്ങൾക്ക് സംശയം! "അതൊക്കെ പിന്നെപ്പറയാം. കാക്ക കൊണ്ടുപോകുന്നതിനുമുമ്പ് ശാപ്പിടാം."
കോഴിയമ്മ മക്കൾക്ക് മണ്ണിരബിരിയാണി ഉണ്ടാക്കിക്കൊടുത്തു.

വർക്ക്ഷീറ്റ് 15.1 – 'മണ്ണിലെ കൂട്ടുകാർ' നൽകുന്നു.

കേട്ട കഥയിലെ ഏതു സംഭവമാണ് ചിത്രത്തിലുള്ളതെന്ന് കുട്ടികൾ പറയട്ടെ. കഥ മുഴുവനായും പറയിക്കാം. മണ്ണിരയും കോഴിക്കുഞ്ഞുങ്ങളും തമ്മിലുള്ള സംഭാഷണങ്ങളും ആകാം. മണ്ണിരയെ തിന്നശേഷം കോഴിക്കുഞ്ഞുങ്ങൾ ചോദിച്ചു :
''അമ്മേ, മണ്ണിനടിയിൽ വേറെ ജീവികളുണ്ടോ?" "ഉണ്ടല്ലോ." "ഏതൊക്കെയാണ്?" "ഞാൻ പിന്നെ കാണിച്ചു തരാം"
കുട്ടികളോട്, ''നിങ്ങൾക്കറിയുമോ'' എന്നു ചോദിക്കുന്നു. ഹാൻഡ്‌ലെൻസ്/പ്രാണിനിരീക്ഷണി ഉപയോഗിച്ച് മണ്ണിലെ ചെറുജീവികളെ നിരീക്ഷിക്കുന്നു. ജീവികളുടെ സവിശേഷതകൾ പറയുന്നു.

ടീച്ചർക്ക് : ചിത്രത്തിലെ വിശദാംശങ്ങൾ പറയലാണ് ശേഷി. അതിനാൽ 3 ചിത്രങ്ങളെയും അടിസ്ഥാനമാക്കി ഓരോ കുട്ടിയെക്കൊണ്ടും പറയിക്കണം. ഒപ്പം മണ്ണിരയുടെ പ്രതികരണവും ആകാം.

## വിലയിരുത്തൽ

- കഥ ശ്രദ്ധയോടെ കേട്ട് കഥയിലെ സംഭവങ്ങൾ ചിത്രം നോക്കി പറയാൻ കഴിയുന്നു.
- മണ്ണിലെ ജീവികളെ നിരീക്ഷിച്ച് സവിശേഷതകൾ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 15.2 - നമുക്കും കൃഷിചെയ്യാം

**വികാസമേഖല**
- ഭാഷാവികാസം

**ശേഷികൾ**
1. ചിത്രങ്ങൾ, വസ്തുക്കൾ (പ്രാഗ്‌വായന), ആശയങ്ങൾ പറയാൻ കഴിയുന്നു (14).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).

**ആശയങ്ങൾ**
1. മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു.
2. കൃഷിചെയ്യാൻ ഉപകരണങ്ങൾ ആവശ്യമാണ്.
3. മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവ കൃഷിചെയ്യുന്നതിന് സഹായിക്കുന്നു.

**സന്ദർഭം**
പ്രകൃതിനടത്തം, കൃഷിപ്പേര് പറയൽ എന്നീ പ്രവർത്തനങ്ങൾക്ക് ശേഷം.

**സാമഗ്രികൾ** • വർക്ക്ഷീറ്റ്, ചിത്രങ്ങൾ

• ആഖ്യാനം : "അമ്മേ, അമ്മേ, നമ്മൾക്ക് ആവശ്യത്തിന് അരിയും ചോറുമൊന്നും വീട്ടുകാർ തരുന്നി ല്ലല്ലോ! ഒരു പിടി അരിയാ തരുന്നത്." കോഴി ക്കുഞ്ഞ്, അമ്മയോട് പരാതി പറഞ്ഞു.

"നമ്മൾക്കും കൃഷിചെയ്യാം. അരിയുണ്ടാക്കാം. വയറുനിറയെ തിന്നാം." മറ്റൊരു കോഴിക്കുഞ്ഞ് പറഞ്ഞു.

"അതു ശരിയാ."

"എങ്ങനെയാ കൃഷി ചെയ്യുക?"

"വരൂ, നമ്മൾക്ക് പാടത്ത് പോയി കണ്ടു പഠി ക്കാം." അമ്മക്കോഴിയും കുഞ്ഞുങ്ങളും വരി വരിയായി പാടത്തേക്ക് നടന്നു. (കുട്ടികൾ വരി വരിയായി നടക്കണം. കൈ വീശി നടന്നു. കാലു നീട്ടിവച്ച് നടന്നു). അഭിനയം

അവർ പാടവരമ്പത്ത് എത്തി.

ടർർർ.... ടർർർ.... വയലിൽ ഒരു വാഹനം ഓടി ക്കുന്നു. അതിന്റെ പിറകിൽ കുറേ കൊറ്റികൾ. കൊറ്റികളെ പേടിച്ച് ഓടുകയാണ് വാഹനം എന്നു തോന്നും. "എന്താ അമ്മേ ആ വണ്ടീടെ പേര്?"

"ട്രാക്ടർ!"

"ഡോക്ടർ ആശുപത്രിയിലല്ലേ?" കുഞ്ഞി ക്കോഴിക്ക് സംശയം. "ഡോക്ടറല്ല, ട്രാക്ടർ." അമ്മ വ്യക്തമായി പറഞ്ഞു കേൾപ്പിച്ചു. (കുട്ടി കളും പറയട്ടെ). "എന്തിനാമ്മേ കൊറ്റികൾ ട്രാക്ടറിന്റെ പിറകേ നടക്കുന്നത്?"

"ട്രാക്ടറിന്റെ പിറകിലേക്ക് നോക്കൂ. മണ്ണിള ക്കിയിടുന്നത് കണ്ടോ? അപ്പോൾ പുറത്തേക്ക് വരുന്ന ചെറുജീവികളെ കൊത്തിത്തിന്നാം."

"മണ്ണിളക്കിക്കഴിഞ്ഞാലെന്താ ചെയ്യുക?"

"പിന്നെ വിത്തിടും." അമ്മ പറഞ്ഞു.

"നമ്മൾക്ക് കൃഷി പറ്റില്ല." ഒരു കോഴിക്കുഞ്ഞ് പറഞ്ഞു.

''അതെന്താ?'' മറ്റൊരു കോഴിക്കുഞ്ഞ് ചോദിച്ചു.

"നമ്മൾക്ക് ട്രാക്ടറില്ല."

"അതു സാരമില്ല കൊമ്പൻ കാളയായാലും മതി." അമ്മ പറഞ്ഞു.

അവർ കൊമ്പൻകാളയുടെ അടുത്തുചെന്നു : "കൊമ്പൻ ചേട്ടാ, കൊമ്പൻ ചേട്ടാ സഹായി ക്കാമോ?"

"എനിക്കെന്തു തരും?" കൊമ്പൻ ചോദിച്ചു.

"മുട്ട തരാം."

"ഹ... ഹ... ഹ..."കൊമ്പൻ പൊട്ടിച്ചിരിച്ചു. '"ഞാൻ മുട്ട തിന്നില്ല." "കച്ചിയെല്ലാം കൊമ്പ നെടുത്തോ." അമ്മക്കോഴി പറഞ്ഞു. കൊമ്പൻ സമ്മതിച്ചു. അവർ കൂട്ടുകൃഷി നടത്തി.

അവർ കൃഷിചെയ്യുന്നത് നോക്കൂ.

വർക്ക് ഷീറ്റ് 15.2 – "നമുക്കും കൃഷി ചെയ്യാം' നൽകുന്നു.

• ചിത്രവായന
- ചിത്രത്തിൽ കാണുന്നതെന്തെല്ലാം?
- ഓരോരുത്തരായി ഓരോ കാര്യം പറയുന്നു

• കൃഷിപ്പാട്ട്
- കളിപ്പാട്ടം പേജ് 214 ലെ പാട്ട് പാടുന്നു

## വിലയിരുത്തൽ

- ചിത്രങ്ങൾ നിരീക്ഷിച്ച് ഗ്രഹിച്ച കാര്യങ്ങൾ, ആശയങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴി യുന്നു.

- കൃഷിപ്പണിയിൽ മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം എന്താണെന്ന് പറയാൻ കഴിയുന്നു.
- കൃഷിരീതിയെക്കുറിച്ച് പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 15.3 - 'കൂട്ടുകൃഷി'

**വികാസമേഖലകൾ**
- ഭാഷാവികാസം
- സർഗാത്മക-സൗന്ദര്യാത്മകവികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ**
1. കഥാചിത്രങ്ങൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു (19).
2. സ്വന്തമായി കഥകൾ ഉണ്ടാക്കാനും പറയാനും കഥാപാത്രങ്ങളെ അഭിനയിച്ചു കാണിക്കാനും കഴിയുന്നു (74).

**ആശയങ്ങൾ**
1. മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു.
2. വിത്തുകൾ മുളപ്പിച്ചും കമ്പുകൾ നട്ടും കൃഷി ചെയ്യാം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോണുകൾ

**സന്ദർഭം** : കൃഷിപ്പാട്ടുകൾ പാടിയശേഷം

**പ്രക്രിയ** : കുട്ടനണ്ണാനും കുളക്കോഴിയും വാഴവച്ച കഥയുടെ ആദ്യഭാഗം മാത്രം ക്ലാസിൽ അവതരിപ്പിക്കുന്നു.

- വർക്ക്ഷീറ്റ് 15.3 - 'കൂട്ടുകൃഷി' നൽകുന്നു.

- ചിത്രം നോക്കി കഥ ഊഹിച്ചു പറയൽ
  - ഒന്നാമത്തെ ചിത്രം നോക്കൂ. ആരെല്ലാം ഉണ്ട്? അവരെന്തു ചെയ്യുകയാണ്? എന്തിനായിരിക്കും അങ്ങനെ ചെയ്യുന്നത്? അവർക്ക് പേരിടാമോ?
    ഇതൊരു കഥയാണ്. ഒരിടത്ത് ഒരു .... ബാക്കി ആർക്കു പറയാം. അടുത്ത കാര്യം ആരു പറയും?
    ഇങ്ങനെ സൂചനകൾ നൽകി. കുട്ടികളെക്കൊണ്ട് കഥ പറയിക്കണം.
- ചിത്രവായന
  - ചിത്രത്തിൽ എന്തെല്ലാം?
  - ചേനക്കൃഷിക്കൊടുവിൽ അണ്ണാനും കോഴിക്കും കിട്ടിയതെന്ത്?
  - വാഴക്കൃഷിക്കൊടുവിലോ?
  - മണൽത്തടം ഉപയോഗിച്ച് കഥ പറയുന്നു.
  - 'നിങ്ങളാണെങ്കിൽ ഓരോ തവണയും എന്താണെടുക്കുക?' ചോദ്യം ഉന്നയിക്കുന്നു.
  - സ്വതന്ത്രപ്രതികരണം
  - വാഴക്കൃഷിക്ക് നിറം നൽകുന്നു.

## വിലയിരുത്തൽ

- കഥാചിത്രം നോക്കി ചിത്രം വിവരിച്ച് പറയാൻ കഴിയുന്നു.
- ചേനക്കൃഷിയിലും വാഴക്കൃഷിയിലും വിളവ് എന്താണെന്ന് കണ്ടെത്തി പറയാൻ കഴിയുന്നു.
- വാഴക്കൃഷിക്ക് ഉചിതമായ നിറം നൽകാൻ കഴിയുന്നു.

# തീം 16 തൊഴിൽ

അച്ഛനും അമ്മയും തന്റെ ചുറ്റുപാടുമുള്ള ആളുകളും വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നുണ്ടെന്ന് കുട്ടിക്കറിയാം. കൃഷി എന്ന തീമുമായി ബന്ധപ്പെട്ട തൊഴിലുകളെക്കുറിച്ചും തൊഴിലുപകരണങ്ങളെക്കുറിച്ചുമുള്ള കുട്ടിയുടെ മുൻധാരണകളെ കൂടി പരിഗണിച്ചാണ് 'തൊഴിൽ' എന്ന തീമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടതും.

വീട്ടിൽത്തന്നെ വിവിധ തൊഴിലുകളിലേർപ്പെടുന്ന ആളുകളുണ്ടെന്നും ഓരോ തൊഴിലിനും പലതരം ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും കുട്ടിക്കറിയാം. വീട്ടിലും അടുക്കളയിലും ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങൾ/തൊഴിലുപകരണങ്ങൾ കൗതുകത്തോടെ നിരീക്ഷിക്കാനും പ്രയോഗിക്കാനും കുട്ടിക്ക് പ്രേരണ നൽകണം. കൃഷി, വീട്ടുജോലി, നിർമാണപ്രവർത്തനങ്ങൾ തുടങ്ങിയ ഓരോ തൊഴിലിനും അധ്വാനം ആവശ്യമാണെന്നും തൊഴിലെടുക്കുന്നതിനു കിട്ടുന്ന കൂലി വരുമാനമാർഗമാണെന്നുമുള്ള ധാരണ ലഭിക്കണം.

**പ്രവർത്തനക്രമം**

1. മച്ചിങ്ങ പെറുക്കൽ കളി

↓

2. മച്ചിങ്ങ - സ്റ്റെതസ്കോപ്പ് നിർമാണം.

↓

3. കഥകേൾക്കാം - പാടം ഉഴുത ഈച്ച (കളിപ്പാട്ടം പേജ് 197)

↓

4. വർക്ക്ഷീറ്റ് 16.1 - 'തൊഴിലിടമേത്?' നൽകൽ.

↓

5. തൊഴിൽപ്പാട്ട് (നിങ്ങളുടെ നാട്ടിലൊക്കെ........)

↓

6. ഉപകരണങ്ങൾ ഏതൊക്കെ? (ഒട്ടിച്ചുചേർക്കൽ)

↓

7. വീട്ടിലെ തൊഴിലുകൾ (ഫ്ളാഷ്കാർഡ്)

↓

8. വർക്ക്ഷീറ്റ് 16.2 -'അടുക്കളയിലെ സഹായികൾ' നൽകൽ.

↓

9. ഒന്നിച്ചു പാടാം... (അടുക്കള ഉപകരണങ്ങളെ കുറിച്ചുള്ള ഉത്തരം പറയാം, കുട്ടിക്കവിതകൾ/കടങ്കവിത, ചൊല്ലുകൾ)

↓

10. ഉപകരണങ്ങൾ നിർമിക്കാം. (കളിമണ്ണ്, ഉപ്പ്+മൈദ)

↓

11. ആണിയടിക്കാം - ഊരിയെടുക്കാം (സ്ക്രൂ, ചുറ്റിക, സ്ക്രൂഡ്രൈവർ ഉപയോഗിക്കൽ)

↓

12. കഥ കേൾക്കാം - പച്ചപ്പയ്യും ഉറുമ്പും (പേജ്-197)

↓

13. അടുക്കളയിലെ അധ്വാനം (ചമഞ്ഞുകളി/ ആയിത്തീരൽകളി (ഉപകരണകിറ്റ്)

↓

14. പണിയെടുത്താൽ - കൂലി

ഗോലി/മച്ചിങ്ങ പെറുക്കൽ - കളി

(കൂടുതൽ കൂലി കിട്ടിയതാർക്ക്)

↓

15. വീടുണ്ടാക്കുന്നതു കാണാം/വയലിൽ പോകാം. (ഏതെങ്കിലും തൊഴിലിടത്തിൽ സന്ദർശനം)

16. വീടുണ്ടാക്കാൻ പണിയെത്ര? (പ്ലാസ്റ്റിക് കട്ടകൾ ഉപയോഗിച്ച് വീടുനിർമാണം

17. പാട്ടുപാടാം - (എന്റെ വീട്..... നല്ല വീട്)

↓

18. എനിക്ക് വേണ്ടത് എന്തെല്ലാം?

തീപ്പെട്ടി, ഈർക്കിൽ, കാർഡ്ബോർഡ്, മറ്റു വസ്തുക്കൾ ഉപയോഗിച്ച് കളിയുപകരണങ്ങൾ ഉണ്ടാക്കുന്നു.

↓

19. തൊഴിൽ, തൊഴിലുപകരണങ്ങൾ ചിത്രശേഖരണവും ആൽബം തയാറാക്കലും.

## വർക്ക്ഷീറ്റ് 16.1 - തൊഴിലിടമേത്?

**വികാസമേഖല**
- ഭാഷാവികാസം

**ശേഷികൾ**
1. കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരണങ്ങൾ, കഥകൾ എന്നിവ ആശയ ച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു (16).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. (21)

**ആശയം**
1. പലതരം തൊഴിൽ ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്.
2. ഓരോ തൊഴിലുമായി ബന്ധപ്പെട്ട് തൊഴിലിടങ്ങളും തൊഴിലുപകരണങ്ങളുമുണ്ട്.

**സാമഗ്രി**
- വർക്ക്ഷീറ്റ്

**സന്ദർഭം**
- പാടം ഉഴുത ഈച്ച എന്ന കഥാവതരണത്തിനുശേഷം (കളിപ്പാട്ടം പേജ് 197).

**പ്രക്രിയ**

- ചർച്ച
  - കാള എങ്ങോട്ടാണ് പോയത്? എന്തിനാണ് പോയത്? ഉഴുതുമറിക്കുന്നത് എന്തിനാണ്? കാളയുടെ പണി എന്താണ്? ഉഴുതുമറിക്കാൻ സഹായിക്കുന്നത് എന്താണ്? തുടങ്ങി കൃഷിനിലമൊരുക്കലുമായി ബന്ധപ്പെട്ട സൗഹൃദസംഭാഷണം.





വർക്ക് ഷീറ്റ് 16.1 – 'തൊഴിലിടമേത്?' നൽകുന്നു.

ചിത്രവായന

- ചിത്രത്തിൽ ആരെല്ലാം? എന്തെല്ലാം?
- എന്തെല്ലാം തൊഴിൽ ചെയ്യുന്നവരാണ്?
- എന്തെല്ലാം ഉപകരണങ്ങൾ?

## വിലയിരുത്തൽ

- ചിത്രം നിരീക്ഷിച്ച് തൊഴിലുകൾ, തൊഴിലുപകരണങ്ങൾ, തൊഴിലിടം എന്നിവ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 16.2 – അടുക്കളയിലെ സഹായികൾ

**വികാസമേഖലകൾ**

- വൈജ്ഞാനികവികാസം
- ഭാഷാവികാസം

**ശേഷികൾ**

1. ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു (22).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).

**ആശയം**

- തൊഴിൽ ചെയ്യാൻ തൊഴിലുപകരണങ്ങൾ വേണം.

**സാമഗ്രികൾ**

- പ്ലക്കാർഡുകൾ, വർക്ക്ഷീറ്റ്, സ്കെച്ച് പെൻ

സന്ദർഭം

- വിവിധ തൊഴിലുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വീട്ടിലെ ജോലികൾ. വീട്ടുജോലികൾ സംബന്ധിച്ച, ഫ്ളാഷ്കാർഡ്-പ്രവർത്തനം-7 ന്റെ തുടർച്ചയായിവേണം വർക്ക്ഷീറ്റ് ഉപയോഗിക്കാൻ. ഈ വർക്ക്ഷീറ്റ് ഉപയോഗപ്പെടുത്തുന്നതു വഴി പ്രവർത്തനം 9 ലെ കടങ്കഥകൾ അവതരിപ്പിക്കുന്നതിനും 10 ലെ ഉപകരണനിർമാണത്തിനും സഹായകമാകും (മുന്നൊരുക്കം)

**പ്രക്രിയ**

- വീട്ടിലെ ജോലികൾ സംബന്ധിച്ച 2 വീതം ഫ്ളാഷ്കാർഡുകൾ 4 ഗ്രൂപ്പുകളിൽ നൽകുന്നു.

ഗ്രൂപ്പ് 1

- മിക്സിയിൽ/അമ്മിയിൽ അരയ്ക്കുന്നു. അച്ഛൻ തറ വൃത്തിയാക്കുന്നു.

ഗ്രൂപ്പ് 2

- അച്ഛൻ അലക്കുന്നു. അമ്മ ഉരൽ / ഗ്രൈൻഡർ പ്രവർത്തിപ്പിക്കുന്നു.

ഗ്രൂപ്പ് 3

- അച്ഛൻ അലക്കുന്നു, അമ്മ ചെടി നനയ്ക്കുന്നു.

ഗ്രൂപ്പ് 4

- അച്ഛൻ തേങ്ങ പൊതിക്കുന്നു. അമ്മ ഇസ്തിരിയിടുന്നു.

ഓരോ ഗ്രൂപ്പും ലഭിച്ച കാർഡുകൾ നിരീക്ഷിക്കുന്നു.

- എന്താണ് ചിത്രത്തിൽ?
- ആരാണ് ചെയ്യുന്നത്? (അച്ഛൻ/അമ്മ)

- ഓരോ തൊഴിലിലും ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്തൊക്കെ?
- ചിത്രത്തിലെ കാര്യങ്ങൾ അഭിനയിക്കുന്നു.

ഗ്രൂപ്പുകൾ പറയുന്നത് ടീച്ചർ മെഗാഫോൺ ചെയ്യുന്നു.

**സൗഹൃദസംഭാഷണം**

- അമ്മയും അച്ഛനും ചെയ്യുന്ന തൊഴിലുകളിൽ നിങ്ങൾ അവരെ സഹായിക്കാറുണ്ടോ?
- വീട്ടിലെ ജോലികൾ എല്ലാവരും ചേർന്നാണോ ചെയ്യുന്നത്?

തുടർന്ന് വർക്ക്ഷീറ്റ് 16.2 – 'അടുക്കളയിലെ സഹായികൾ' നൽകുന്നു.

- ചിത്രത്തിലെ ഉപകരണങ്ങൾ ഏതൊക്കെ?
- അടുക്കളയിലെ ഉപകരണങ്ങളെ അടുക്കളയിലെത്തിക്കൂ.
- ഓരോ ഉപകരണവും സഹായകമാകുന്നതെങ്ങനെയെന്ന് പറയുന്നു. ഓരോ ആൾക്കും അവസരം നൽകണം.
- ബന്ധിപ്പിക്കാത്ത ചിത്രങ്ങളുടെ കാരണം പറയുന്നു (ഉദാ: പിക്കാസ് – മണ്ണ് കിളയ്ക്കാൻ)

## വിലയിരുത്തൽ

- അടുക്കളയിൽ/വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ അവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് വരയ്ക്കാൻ കഴിയുന്നു.
- ഓരോ ഉപകരണത്തിന്റെയും ഉപയോഗം തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.

# തീം 17 ശിശുദിനം

കുട്ടികളുടെ പ്രിയപ്പെട്ട കൂട്ടുകാരനാണ് ചാച്ചാനെഹ്റു. ചാച്ചാ നെഹ്റുവിന്റെ കുട്ടിക്കാലത്തെ അനുഭവങ്ങൾ ലളിതമായി കഥാരൂപേണ അവതരിപ്പിക്കുന്നത് കുട്ടികൾക്ക് ഹൃദ്യമാകും. ചാച്ചാനെഹ്റുവിന്റെ വസ്ത്രം, പനിനീർപ്പൂവിനെ ഇഷ്ടപ്പെടാനിടയായ സാഹചര്യം എന്നിവയൊക്കെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവിടെ അവതരിപ്പിക്കാവുന്നതാണ്. കഥകൾ കേട്ട് ആസ്വദിക്കുന്നതോടൊപ്പം കൂട്ടുകാരെ സ്നേഹിക്കാനുള്ള മനോഭാവവും കുട്ടികളിൽ രൂപപ്പെടണം. ചാച്ചാജിയുടെ ജന്മദിനാഘോഷ പ്രവർത്തനങ്ങളിലെ പങ്കാളിയാവുക വഴി കൂട്ടുകൂടാനും കൂട്ടത്തിൽ ഉത്തരവാദിത്തത്തോടെ പെരുമാറാനുമുള്ള അവസരവും ഉറപ്പാക്കണം.

**പ്രവർത്തനക്രമം**

1. ശിശുദിനവുമായി ബന്ധപ്പെട്ട് പാട്ട്

↓

2. വർക്ക്ഷീറ്റ് 17.1 – 'തോരണം പൂർത്തിയാക്കൂ, അലങ്കരിക്കൂ' നൽകൽ.

↓

3. അലങ്കാരവസ്തുനിർമാണം, അലങ്കരിക്കൽ

## വർക്ക്ഷീറ്റ് 17.1 – തോരണം പൂർത്തിയാക്കൂ, അലങ്കരിക്കൂ

**വികാസമേഖലകൾ**
- ശാരീരിക ചാലക വികാസം
- സർഗാത്മകവികാസം

**ശേഷികൾ**
1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).
2. വസ്തുക്കൾ പ്രകൃതിയിൽനിന്നു ലഭിക്കുന്നവ/പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (83).

**ആശയം**
- ശിശുദിനത്തിന്റെ ഭാഗമായി പ്രീസ്കൂളും പരിസരവും അലങ്കരിക്കാറുണ്ട്.

**സാമഗ്രി**
- ക്രയോണുകൾ

**സന്ദർഭം**
- ശിശുദിനവുമായി ബന്ധപ്പെട്ട വിവിധ പരിപാടികളെക്കുറിച്ചുള്ള ചർച്ചകൾ, പാട്ടുകൾ എന്നിവയ്ക്ക് ശേഷം.

**പ്രക്രിയ**

- പാട്ട്:

"കണ്ടില്ലേ ഇത് ചാച്ചാജി
തലയിൽ തൊപ്പി
കോട്ടിൽ പൂവ്
കുട്ടികളെന്നാൽ ജീവനാണ്
അവരെക്കണ്ടാൽ വന്നീടും
വാരിയെടുത്തിട്ടുമ്മ തരും
എന്തൊരു മധുരം ഉമ്മയ്ക്ക്
തോരണങ്ങൾ തൂക്കിയിട്ട്
കൊടികളെല്ലാം പൊക്കീട്ട്
ആഘോഷിക്കാം ജന്മദിനം.
ചാച്ചാജിയുടെ പിറന്നാള്
നമ്മുടെ ശിശുദിനമാണല്ലോ
ആഘോഷിക്കാം ജന്മദിനം
ചാച്ചാജിയുടെ ജന്മദിനം"

വർക്ക് ഷീറ്റ് 17.1 – "തോരണം പൂർത്തിയാക്കൂ, അലങ്കരിക്കൂ" നൽകുന്നു.

**ചിത്രവായന**

- ചിത്രത്തിൽ എന്തെല്ലാം?
- യോജിച്ച ഇലകൾ വരച്ചു ചേർത്ത് നിറം നൽകുന്നു.
- ഇലകൾ ശേഖരിച്ച് തോരണം ഉണ്ടാക്കി അലങ്കരിക്കുന്നു.

## വിലയിരുത്തൽ

- ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങൾ പറയാൻ കഴിയുന്നു. യോജിച്ച ഇലകൾ വരച്ച് ചേർത്ത് ഉചിതമായ നിറം നൽകാൻ കഴിയുന്നു.

# തീം 18 പക്ഷികൾ

ഈ യൂണിറ്റ് അധ്യാപകർ തന്നെ ആസൂത്രണം ചെയ്യേണ്ടതാണ്. പക്ഷികൾ എന്ന തീമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ട്രൈഔട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ 'കളിപ്പാട്ട'ത്തിൽ (പേജ് 169-177) നൽകിയിട്ടുണ്ട്. മുൻ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ മാതൃകപ്രകാരം വികാസമേഖലകൾ, ശേഷികൾ, ആശയം എന്നിവയ്ക്ക് അനുസൃതമായി, ഉചിതമായ വർക്ക്ഷീറ്റുകൾ അധ്യാപകർക്ക് സ്വതന്ത്രമായി വികസിപ്പിക്കാവുന്നതാണ്. വ്യത്യസ്ത മാതൃകകൾ പങ്കുവയ്ക്കാം.

## വർക്ക്ഷീറ്റ് 18.1 - നിർമിക്കാം രസിക്കാം

**വികാസമേഖലകൾ**
- സർഗാത്മകവികാസം,
- ശാരീരിക ചാലക വികാസം

**ശേഷികൾ**
1. ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു. (87)
2. പ്രകൃതിയിൽനിന്നു ലഭിക്കുന്നവ, പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (84).

**ആശയം**
- നമുക്ക് ചുറ്റും പലതരം പക്ഷികളുണ്ട്.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, പശ

**സന്ദർഭം :**
- കഥാവതരണത്തിനുശേഷം വർക്ക്ഷീറ്റ് നൽകുന്നു.

**പ്രക്രിയ :**
- മാതൃകയിൽ കൊടുത്ത പക്ഷികളുടെ മാതൃക നിർമിക്കുന്നു. (മയിൽ, പെൻഗ്വിൻ) (കളിപ്പാട്ടം പേജ് നമ്പർ 237, 238)

**വർക്ക്ഷീറ്റ് 18.1 – നിർമിക്കാം രസിക്കാം** നൽകുന്നു.

ഉണ്ടാക്കിയ പക്ഷികളെ വർക്ക്ഷീറ്റിൽ ഒട്ടിക്കുന്നു.

## വിലയിരുത്തൽ

- കടലാസ് മടക്കിയും മുറിച്ചും പക്ഷികളുടെ രൂപങ്ങൾ ഉണ്ടാക്കാൻ കഴിയുന്നു.

# തീം 19 പ്രാണികൾ, ഇഴജന്തുക്കൾ

വീട്ടിനകത്തും പുറത്തും ധാരാളം പ്രാണികളുണ്ടെന്നും അവയുടെ പേരുകൾ എന്താണെന്നും തിരിച്ചറിഞ്ഞ് പറയാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇഴജന്തുക്കൾ മാളത്തിൽ വസിക്കുന്നുവെന്നും ചില പ്രാണികളും ഇഴജന്തുക്കളും നമുക്ക് ആപത്തുണ്ടാക്കുന്നുവെന്നും കുട്ടികൾ മനസ്സിലാക്കുന്നു. തേനീച്ച, ചിത്രശലഭങ്ങൾ, ഉറുമ്പ് തുടങ്ങിയ പ്രാണികൾ നമുക്ക് ഉപകാരപ്രദമാണെന്ന് കണ്ടെത്തുന്നു. ആകൃതിയിലും നിറത്തിലും വലുപ്പത്തിലും പ്രാണികൾക്കും ഇഴജന്തുക്കൾക്കുമുള്ള വ്യത്യാസം താരതമ്യം ചെയ്ത് തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.

**പ്രവർത്തനക്രമം**

1. കുനിയൽ, ഇഴയൽ തുടങ്ങിയ ശാരീരികചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കഥ പറയുന്നതിനനുസരിച്ച് പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചലനം അനുകരിക്കുന്നു.

↓

2. നിരത്തിവച്ച കസേരയുടെ അടിയിലൂടെ കയറൽ.

↓

3. കയറിന്റെ വശത്തുകൂടി വരയ്ക്കൽ - കയർ മാറ്റി തല വരച്ചു ചേർക്കൽ.

↓

4. പ്രകൃതിനടത്തം - കണ്ട പ്രാണികളെക്കുറിച്ച് പറയൽ.

↓

5. സ്വാനുഭവങ്ങൾ പറയൽ (കൊതുക്, ഈച്ച, ഉറുമ്പ്)

↓

6. ചോണനുറുമ്പ് പാട്ട് (209) അഭിനയം

↓

7. ഊതൽ ചിത്രങ്ങൾ ഉണ്ടാക്കൽ (Blow Picture) (മണ്ണിര)

↓

8. മണ്ണിരപ്പാട്ട്

↓

9. ചിലന്തിവല - വീഡിയോ കാണൽ, ചർച്ച

↓

10. വർക്ക്ഷീറ്റ് 19.1 - "മാളത്തിൽ ആരെല്ലാം ?" നൽകൽ

↓

11. തേരട്ട/ഓന്ത്/ഈച്ച/മൂട്ട-കടങ്കഥകൾ പറയൽ

↓

12. പ്രാണികൾ, ഇഴജന്തുക്കൾ തരംതിരിക്കൽ

↓

13. പല്ലി (കളിപ്പാട്ടം - പേജ് 209)

↓

14. വണ്ടുകളെപ്പോൽ മൂളുന്നു
മൂളുമ്പോൾ നാം ആടുന്നു

↓

15. പൂക്കളെ രക്ഷിച്ച വണ്ടും തേനീച്ചയും (അങ്കണപ്പൂമഴ)

↓

16. വിരൽത്തുമ്പു ചിത്രം

↓

17. ഗണിതപ്പാട്ടുകൾ -

ഒരു മഞ്ഞപ്പൂമ്പാറ്റ
തേൻ കുടിക്കാൻ വന്നു
ഒന്നും കൂടി പറന്നുവന്നാൽ
ഇപ്പോൾ എണ്ണം എത്ര?

↓

18. കഥാഗാനങ്ങൾ കേൾക്കൽ (ഓഡിയോ)

↓

19. വായ്ത്താരികൾ കേൾക്കൽ - ഒന്നിച്ചുപാടൽ

↓

20. വസ്തുക്കളും സംഖ്യയുടെ ലിഖിതരൂപവും പൊരുത്തപ്പെടുത്തൽ (1 - മുതൽ 3 വരെ)

↓

21. പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കൽ, ഒട്ടിക്കൽ

↓

22. വർക്ക്ഷീറ്റ് 19.2 - 'വഴികാട്ടൂ' നൽകൽ

↓

23. വീട്ടിനകത്തു കാണുന്ന പ്രാണികൾ, വീട്ടിനുപുറത്തുകാണുന്ന പ്രാണികൾ എന്നിവയെ തരംതിരിച്ച് ആൽബമാക്കൽ.

## വർക്ക്ഷീറ്റ് 19.1 - 'മാളത്തിൽ ആര്?'

**വികാസമേഖലകൾ**
- വൈജ്ഞാനികവികാസം
- ഭാഷാവികാസം

**ശേഷികൾ**
1. ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ചു പറയാൻ കഴിയുന്നു (22).
2. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ / ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ വാചികമായി അവതരിപ്പിക്കാനും കണ്ടെത്താനും കഴിയുന്നു. (നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം) (30)

**ആശയങ്ങൾ**
- ഇഴജന്തുക്കൾ മാളത്തിൽ വസിക്കുന്നു.
- ആകൃതിയിലും നിറത്തിലും വലുപ്പത്തിലും പ്രാണികൾക്കും ഇഴജന്തുക്കൾക്കും വ്യത്യാസമുണ്ട്.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, പെൻസിൽ

**സന്ദർഭം**
- പക്ഷി കൂടു കൂട്ടുന്നത്, ചിലന്തി വലകെട്ടുന്നത് എന്നിവയുടെ വീഡിയോ പ്രദർശനത്തിനു ശേഷം.

**പ്രക്രിയ**

**ആഖ്യാനം**
- 'കൂടുവയ്ക്കണം', കാക്ക ചുള്ളിക്കമ്പും നാരുമെല്ലാം കൊത്തിപ്പറന്നു. മരത്തിന്റെ മുകളിലെത്തി.

പൊത്തിലിരുന്ന തത്ത ചോദിച്ചു : "ഇത്ര കഷ്ട പ്പെടണോ? എന്റെ കൂട്ടിൽ മുട്ടയിട്ടാൽ പോരേ?" "അതു ശരിയാ" – കാക്കയ്ക്കും തോന്നി. എല്ലാ കിളികൾക്കും ഒരു കൂട്. കിളി കളായ കിളികളൊക്കെ ആ വലിയ മരപ്പൊ ത്തിൽ വന്ന് മുട്ടയിടാൻ തുടങ്ങി. പൊത്തു നിറഞ്ഞു. "എനിക്കും മുട്ടയിടണം. സ്ഥലം ഉണ്ടോന്ന് നോക്കട്ടെ." ഒരാൾകൂടി എത്തി. പുതുതായി എത്തിയ അതിഥിയെ കണ്ട കട ന്നൽ പറഞ്ഞു : "കൂട്ടിൽ മുട്ടയിടണമെങ്കിൽ ഒരു ഇഞ്ചക്ഷൻ എടുക്കണം. ഞാനൊരു ഇഞ്ച ക്ഷൻ തരാം." കടന്നൽ പറന്നുവന്ന് ഒറ്റ കുത്ത്. കുത്തുകൊണ്ട് മുട്ടയിടാൻ വന്ന കൂട്ടുകാരൻ വളഞ്ഞുപുളഞ്ഞ് ഓടി. ഒരു മാളത്തിൽ കയറി. അതിഥി ആരാണെന്നറിയണ്ടേ?

വർക്ക്ഷീറ്റ് 19.1 – "മാളത്തിൽ ആരെല്ലാം?" നൽകുന്നു.

- കുത്തുകൾ യോജിപ്പിക്കുന്നു.
- അതിഥി ആരാണെന്ന് പറയുന്നു.

- ചിത്രവായന
  - ചിത്രത്തിൽ എന്തെല്ലാം?
  - പ്രാണികൾ ഏതെല്ലാം?
  - ഇഴജന്തുക്കൾ ഏതെല്ലാം?
  - പാമ്പിൽനിന്നു രക്ഷപ്പെടാൻ എലികൾ എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

ടീച്ചർക്ക് : നിറം, വലുപ്പം, ആകൃതി, ശബ്ദം തുടങ്ങിയ വയ്ക്ക് അനുയോജ്യമായ ചോദ്യങ്ങൾ ഉണ്ടാവണം.

## വിലയിരുത്തൽ

- ജീവികളുടെ പേര് പറയാൻ കഴിയുന്നു.
- ഇഴജന്തുക്കളെയും പ്രാണികളെയും തിരിച്ച റിഞ്ഞ് പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 19.2 - വഴി കാട്ടൂ

**വികാസ മേഖലകൾ**
- ശാരീരിക ചാലക വികാസം
- ഭാഷാവികാസം

**ശേഷികൾ**
- പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവുന്നു (3).
- മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾപ്ലേ/ചമഞ്ഞുകളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു.

**ആശയം**
- വീട്ടിനകത്തും പുറത്തും ധാരാളം പ്രാണികളുണ്ട്. അവയുടെ പേരുകൾ തിരിച്ചറിയുന്നു.

**സാമഗ്രി**
- പ്രാണികളുടെ കട്ടൗട്ടുകൾ

**സന്ദർഭം**
- പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുന്ന പ്രവർത്തനത്തിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം

**തിരക്കഥ**

**സീൻ – 1**

വീടിന്റെ കോലായിൽ, രാത്രിയിൽ ഒറ്റയ്ക്ക് ഇരിക്കുന്ന കുട്ടി. തൊട്ടടുത്ത പൂന്തോട്ടത്തിൽ നിന്ന് എന്തോ

പാറിവരുന്നു. കുട്ടി നോക്കുന്നു. പാറിവരുന്ന ജീവി നന്നായി മിന്നുന്നുണ്ട്.

കുട്ടി : (പ്രാണിയോട്) ഹായ്... മിന്നും പ്രാണീ മിന്നും പ്രാണീ, നീ ഏതാണ്?

പ്രാണി : 'ഞാനാണ് മിന്നാമിനുങ്ങ്.' (വരച്ച് വലുതാക്കിയശേഷം മിന്നാമിനുങ്ങിനെ വെട്ടിയെടുത്ത് പശ്ചാത്തലത്തിൽ ആരെങ്കിലും ശബ്ദം നൽകിയാൽ മതി).

കുട്ടി : നിന്റെ വീടെവിടെയാണ്?

മിന്നാമിനുങ്ങ് : നിന്റെ വീടിനു പുറത്തുള്ള പൊന്തക്കാട്ടിൽ. നിന്റെ പൂന്തോട്ടത്തിലും ഞാൻ താമസിക്കാറുണ്ട്.

കുട്ടി : മിന്നാമിനുങ്ങേ, നിന്റെ പിറകിൽ മറ്റൊരാൾ കൂടി പറന്നു വരുന്നുണ്ടല്ലോ.

മിന്നാമിനുങ്ങ് : അത് വണ്ടാണ്.

വണ്ട് : (വണ്ടിന്റെ കട്ട്ഔട്ട് സംസാരിക്കുന്നതുപോലെ ഇളക്കിക്കൊടുക്കാം) കുട്ടീ, ഞാനും നിന്റെ വീട്ടിനടുത്തുള്ള താമസക്കാരനാ. എന്നാ പോട്ടേ.

കുട്ടി : റ്റാറ്റ (വണ്ടിനെ നോക്കി കൈവീശുന്നു.)

കുട്ടി അകത്തേക്ക് പോവാനായി എഴുന്നേൽക്കുമ്പോഴാണ് പൂമ്പാറ്റയെപ്പോലെ ഒരു ജീവി ട്യൂബ് ലൈറ്റിന് അരികിൽ വന്നിരുന്നത്.

കുട്ടി : ഇതാ ഒരു പൂമ്പാറ്റ. രാത്രിയിലും പൂമ്പാറ്റകൾ വരുമോ അമ്മേ... (അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചു പറയുന്നു. ഈ സമയത്ത് പശ്ചാത്തലത്തിൽ കുട്ടിയുടെ ശബ്ദവും സ്കീനിൽ നിശാശലഭത്തിന്റെ ചിത്രവും വേണം)

നിശാശലഭം : (കട്ട് ഔട്ട് സംസാരിക്കുന്നു).

കുട്ടീ, കാഴ്ചയ്ക്ക് പൂമ്പാറ്റയെപ്പോലെ തോന്നും. എന്നാൽ ഞാൻ നിശാശലഭമാണ്. രാത്രി വരുന്ന ശലഭങ്ങൾ ഞങ്ങളാണ്. ഈ വെളിച്ചത്തിൽ ഒന്ന് ഇരുന്നോട്ടെ ഞാൻ.

കുട്ടി : ഇരുന്നോ ഇരുന്നോ (അകത്തേക്ക് കയറിപ്പോകുന്നു.)

## സീൻ – 2

കുട്ടി അകത്തെത്തി. കട്ടിലിൽ കിടക്കാൻ നോക്കുമ്പോൾ കൊതുകുകളുടെ മൂളൽ കേൾക്കുന്നു. (കൊതുകുകളെ കാണിക്കുന്നില്ല. മൂളൽ മാത്രം പശ്ചാത്തലത്തിൽ. കുട്ടി ചെവി പൊത്തുന്നു.)

കുട്ടി : അയ്യോ! നിങ്ങൾ വന്നോ? ഇന്നെന്റെ ചോര കുടിക്കാൻ കിട്ടൂല കൊതുകുകളേ. ഞാൻ കൊതുകുവലയ്ക്കകത്താ കിടക്കുന്നേ... (അതും പറഞ്ഞ് കുട്ടി കൊതുകുവലയ്ക്ക് അകത്തേക്ക് കയറിക്കിടക്കുന്നു.)

കുട്ടി : ഗുഡ്നൈറ്റ് (കുട്ടിയുടെ മുഖവും പുഞ്ചിരിയും മാത്രം സ്ക്രീനിൽ)

എല്ലാ ജീവികളും പുറത്തേക്ക് പറക്കുന്നു. പറന്നുപോയ വഴി നോക്കൂ.

- വർക്ക്ഷീറ്റ് 19.2 – 'വഴി കാട്ടൂ' നൽകുന്നു.
  - ഓരോ ജീവിയും എങ്ങനെയാണ് പറന്നു പോയത്?
  - വായുവിൽ കൈവിരൽകൊണ്ട് വരയ്ക്കൂ.
  - കുത്തുകളിലൂടെ വരയ്ക്കുന്നു.

ടീച്ചർക്ക് : (ഇതൊരു കൊച്ചു തിരക്കഥയാണ്. ക്ലാസിലെ കുട്ടികളെ വച്ച് ചിത്രീകരിക്കാം.

ഐ.സി.ടി. ഉപയോഗിച്ച് പ്രദർശനവും നടത്താം. രക്ഷിതാക്കളെക്കൊണ്ടു ചിത്രീകരിപ്പിക്കാം. അല്ലെങ്കിൽ തിരക്കഥ, കഥപോലെ ക്ലാസിൽ വായിക്കാം).

## വിലയിരുത്തൽ

- പ്രാണികൾ പറന്നുപോയ വഴി കുത്തുകളിലൂടെ വരയ്ക്കാൻ കഴിയുന്നു.
- ജീവികളെ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.

# തീം 20 വസ്ത്രം

വിവിധ വസ്ത്രങ്ങളുടെ ഉപയോഗങ്ങളെക്കുറിച്ചും വസ്ത്രധാരണരീതികളെക്കുറിച്ചും കുട്ടിക്ക് ധാരണ ലഭിക്കേണ്ടതുണ്ട്. കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്രങ്ങളെയും പ്രായവ്യത്യാസത്തിനനുസരിച്ച് ഉപയോഗിക്കേണ്ട വസ്ത്രങ്ങളെയും കുറിച്ചുള്ള അറിവ് ചെറുപ്രായത്തിൽത്തന്നെ ലഭിക്കേണ്ടതുണ്ട്. പലതരം വസ്ത്രങ്ങളും അതിന്റെ ഉപയോഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ് തീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പ്രവർത്തനക്രമം**

1. കടലാസ്, തുണി മടക്കൽ
↓
2. നിരീക്ഷിച്ച് പ്രത്യേകതകൾ പറയൽ (പലതരം തുണികൾ)
↓
3. റിബൺ, തുണികൾ വിവിധ രീതിയിൽ അളക്കൽ
↓
4. കടലാസ്, ആവശ്യാനുസരണം കീറി ഒട്ടിക്കൽ
↓
5. മിനുസമുള്ളതും പരുപരുത്തതുമായ തുണികൾ തിരിച്ചറിഞ്ഞ് പറയൽ
↓
6. തുണികൾ/ വസ്ത്രങ്ങളിലെ പാറ്റേണുകൾ
↓
7. വർക്ക്ഷീറ്റ് 20.1 - വസ്ത്രം വരയ്ക്കാമോ? നൽകൽ
↓
8. വസ്ത്രം ഊരിവയ്ക്കൽ, ധരിക്കൽ
↓
9. കഥമെനഞ്ഞു പറയൽ
↓
10. സ്വതന്ത്രഭാഷണം - (ധരിക്കുന്ന വസ്ത്രങ്ങൾ)
↓
11. ബന്ധമുള്ളവ കണ്ടെത്തൽ
↓
12. സ്വന്തം വസ്ത്രം മടക്കൽ
↓
13. ആഘോഷങ്ങളും വസ്ത്രങ്ങളും തമ്മിലുള്ള ബന്ധം പറയൽ
↓
14. തുണികളിലെ സവിശേഷതകൾ കണ്ടെത്തി സാമ്യവ്യത്യാസങ്ങൾ പറയൽ (ചിത്രം)
↓
15. ഷർട്ടിന്റെ ബട്ടൺ അഴിക്കൽ, ഇടൽ, സിബ് ഇടൽ
↓
16. വർക്ക് ഷീറ്റ് 20.2 - വിട്ടുപോയത് വരച്ചു ചേർക്കൂ.
↓
17 തുണി കൊളാഷ്
↓
18. വസ്ത്രങ്ങളുടെ ചിട്ടയായ ക്രമീകരണം (ലഘുചർച്ച - കഴുകൽ, ഇസ്തിരിയിടൽ, ഉണക്കൽ)
↓
19. ആർക്കു ചേരും കളി (വിവിധ പ്രായക്കാർ ധരിക്കുന്ന വസ്ത്രങ്ങൾ/ ചിത്രം ഉപയോഗിച്ച്)
↓
20. വീഡിയോ - വിവിധ കാലങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ
↓

21. അനുഭവങ്ങൾ പങ്കുവയ്ക്കൽ – (തുണി എളുപ്പം ഉണങ്ങുന്ന സമയം)

↓

22. വർക്ക്ഷീറ്റ് 20.3 – 'ആരുടെ കരച്ചിൽ' നൽകൽ

↓

23. അഭിനയം– തുണി അലക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

↓

24. തുണി സോപ്പുപയോഗിച്ച് കഴുകൽ – ഉണക്കൽ (അകത്ത്, പുറത്ത്) മുങ്ങുമോ പൊങ്ങുമോ? പലതരം തുണിക്കഷണങ്ങൾ നിരീക്ഷിച്ച് പറയൽ – ചർച്ച

↓

25. പശ തേച്ച് ചിത്രം ഉണ്ടാക്കൽ. അതിൽ ഡയിൻ ഒട്ടിക്കൽ

## വർക്ക്ഷീറ്റ് 20.1 – വസ്ത്രം വരയ്ക്കാമോ?

**വികാസമേഖലകൾ**
- വൈജ്ഞാനികവികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ**
1. ഗണിത പാറ്റേണുകൾ പ്രദർശിപ്പിച്ച് അവ സൗന്ദര്യാത്മകമായി ക്രമീകരിക്കാൻ കഴിയുന്നു (42).
- സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകുന്നു (5).

**ആശയം**
- പലതരം വസ്ത്രങ്ങളുണ്ട്.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, ക്രയോണുകൾ, തുണികൾ, ഫാബ്രിക് പെയിന്റ്, സ്പോഞ്ച്, പച്ചക്കറികൾ.

**സന്ദർഭം**
- തുണികൾ/വസ്ത്രങ്ങളിലെ പാറ്റേണുകൾ കണ്ടെത്തൽ പ്രവർത്തനത്തിനു ശേഷം.

**പ്രക്രിയ**

തുണിയിൽ കണ്ടതുപോലുള്ള ചിത്രങ്ങളും പൂക്കളും നമുക്കുണ്ടാക്കിയാലോ?

– ഓരോ കുട്ടിക്കും രണ്ടു കഷണം തുണികൾ വീതം നൽകുന്നു.

- വെജിറ്റബിൾ പ്രിന്റിങ് സാമഗ്രികൾ
- ടീച്ചർ ചെയ്തു കാണിക്കുന്നു.
- ആവശ്യമായ നിർദേശങ്ങൾ നൽകുന്നു.
- കുട്ടികൾ തുണിയിൽ പ്രിന്റ് ചെയ്യുന്നു.
- പ്രദർശിപ്പിക്കുന്നു.

**വർക്ക്ഷീറ്റ് 20.1 – വസ്ത്രം വരയ്ക്കാമോ?** നൽകുന്നു.

ചിത്രത്തിലെ ആൾരൂപത്തിന് അനുയോജ്യമായ വസ്ത്രം വരച്ചുചേർക്കൂ. അയയിൽ തൂക്കിയിട്ടവ തിരഞ്ഞെടുക്കാം.(വസ്ത്രത്തിന്റെ ചിത്രം വരയ്ക്കാൻ കഴിയുന്നവർ വരയ്ക്കട്ടെ. അല്ലാത്തവർ യോജിപ്പിക്കട്ടെ).

## വിലയിരുത്തൽ

- അനുയോജ്യമായ വസ്ത്രങ്ങൾ തിരിച്ചറിഞ്ഞ് ചേർത്തു വരച്ചിട്ടുണ്ട്.
- കൃത്യതയോടെ നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് 20.2 - വിട്ടുപോയത് വരച്ചു ചേർക്കൂ?

**വികാസമേഖല** • വൈജ്ഞാനികവികാസം

**ശേഷി** • 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണാനും വസ്തുക്കളുടെ എണ്ണവുമായി ബന്ധിപ്പിക്കാനും കഴിയുന്നു. (44)

**ആശയം** • പലതരം വസ്ത്രങ്ങളുണ്ട്.

**സാമഗ്രികൾ** • വർക്ക്ഷീറ്റ്

**സന്ദർഭം** • ഷർട്ടിന്റെ ബട്ടൺ അഴിക്കൽ, ഇടൽ പ്രവർത്തനത്തിനു ശേഷം.

**പ്രക്രിയ**

അമ്മുവും അമ്മയും തയ്യൽക്കടയിലെത്തി.

“കുപ്പായം തുന്നിക്കഴിഞ്ഞോ?” അമ്മ ചോദിച്ചു.

“ബട്ടൺ തുന്നാനുണ്ട്, ഇപ്പോൾ തരാം.”

“ഹായ് എത്ര ഷർട്ടുകൾ !”

കണ്ണാടിയലമാരയിൽ തൂക്കിയിട്ടിരിക്കുന്ന ഷർട്ടുകളിലേക്ക് അമ്മു സൂക്ഷിച്ചു നോക്കി. ബട്ടൺസുകൾ ഇനിയും തുന്നിച്ചേർക്കാനുണ്ട്? നമുക്ക് തയ്യൽക്കാരിയെ സഹായിക്കാം.

**വർക്ക്ഷീറ്റ് 20.2 - “വിട്ടുപോയത് വരച്ചു ചേർക്കൂ”** നൽകുന്നു.

ചിത്രവായന

- അലമാരയിൽ ഒന്നാമത്തെ തട്ടിൽ തൂക്കിയിട്ടിരിക്കുന്ന ഒന്നാമത്തെ ഉടുപ്പിൽ എത്ര ബട്ടൺ ഉണ്ട്?
- രണ്ടാമത്തെ ഉടുപ്പിൽ ഇനി എത്ര വേണം?
- രണ്ടാമത്തെ തട്ടിൽ എത്ര ഉടുപ്പുകൾ?
- ഒന്നാമത്തെ ഉടുപ്പിൽ എത്ര ബട്ടണുകൾ വേണം?
- മൂന്നാമത്തെ തട്ടിലെ ഒന്നാമത്തെ ഉടുപ്പിൽ എത്ര ബട്ടണുകൾ?
- തുല്യ എണ്ണം ബട്ടണുകൾ അടുത്ത ഉടുപ്പിൽ വരച്ചുചേർക്കൂ.
- ഇതിൽ നിങ്ങൾ ധരിക്കുന്ന/ഇഷ്ടമുള്ള വസ്ത്രങ്ങൾക്ക് നിറം നൽകൂ. നിറം നൽകിയ വസ്ത്രത്തെക്കുറിച്ച് ഒരു പാട്ടു പാടൂ :

• പാട്ട്

“നീലക്കുപ്പായം ആഹാ നീലക്കുപ്പായം
ആകാശനീലയ്ക്ക് അഴകുള്ളതിനാൽ
ആ നിറമെനിക്കേറെയിഷ്ടം.
പുള്ളിക്കുപ്പായം ആഹാ പുള്ളിക്കുപ്പായം
ചന്തമുള്ള പുള്ളിക്കുപ്പായം
എന്റെ പുള്ളിക്കുപ്പായം
പച്ചക്കുപ്പായം ആഹാ പച്ചക്കുപ്പായം
എനിക്കാണേ കൊച്ചു പച്ചക്കുപ്പായം”

ഇതേപോലെ വസ്ത്രത്തെകുറിച്ച് കുട്ടികൾ പാടട്ടെ.

## വിലയിരുത്തൽ

- ബട്ടണുകൾ കൃത്യമായി എണ്ണി പറയുന്നു.
- ഇനിയെത്ര ബട്ടണുകൾ വേണം എന്നു കൃത്യമായി വരച്ചുചേർക്കാൻ കഴിയുന്നു.

**വർക്ക്ഷീറ്റ് 20.3 - ആരുടെ കരച്ചിൽ?**

**വികാസമേഖല** : ശാരീരിക ചാലക വികാസം

**ശേഷികൾ** : സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയം** • വസ്ത്രത്തിന്റെ ഉപയോഗം - ശരീരം മറയ്ക്കാൻ, ചൂട് , തണുപ്പ് എന്നിവയിൽനിന്നു രക്ഷനേടാൻ.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, പെൻസിൽ, ക്രയോൺസ്

**സന്ദർഭം** : വിവിധ കാലങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങളെക്കുറിച്ചുളള വീഡിയോ പ്രദർശനത്തിനു ശേഷം.

പ്രക്രിയ

- ആഖ്യാനം : ഒരു പാന്റ്സ് ഒറ്റയ്ക്ക് അയയിൽ കിടന്ന് കരയുകയായിരുന്നു. അപ്പോഴാണ് അതുവഴി ഒരു കടുവ വന്നത്. "ഘ്രാ... ഘ്രാ... ഘ്രീ..." കടുവ ഒച്ചയുണ്ടാക്കി. പാന്റ്സ് കരച്ചിൽ നിർത്തിയതേ ഇല്ല. കടുവ ഒരപ്പം കൊടുത്തു നോക്കി. കരച്ചിൽ നിന്നതേ ഇല്ല. ചോക്കലേറ്റ് കൊടുത്തുനോക്കി. ഇല്ലേ ഇല്ല. കരച്ചിൽ നിർത്തിയതേ ഇല്ല. ഇനി എന്തു ചെയ്യും? പാന്റ്സ് പറഞ്ഞു : ''എന്നെ എടുത്തണിഞ്ഞാലെ ഞാൻ കരച്ചിൽ നിർത്തൂ."

  കടുവയുടെ വേഷം കെട്ടിയ കുട്ടി, അല്ലെങ്കിൽ കടുവയായി ഒരു കുട്ടി വരുന്നു. (കഥയ്ക്കു ശേഷം)

- അഭിനയം : പാന്റ്സ് ഇടുന്നു. കുറച്ചു വലിയ പാന്റ്സ് ആകാം. എന്നാൽ കുട്ടിയിട്ട വസ്ത്രത്തിന് മുകളിലൂടെ ഇടാം.

- കഥ തുടരുന്നു :

  കടുവ പാന്റ്സ് ഇട്ടു. "എന്നാൽ പോകാം." പാന്റ്സിനു സന്തോഷമായി. അത് ചിരിക്കാൻ തുടങ്ങി. പാട്ടുപാടാനും തുടങ്ങി. അപ്പോളതാ പിന്നേയും ഒരു കരച്ചിൽ. ''നീ കരച്ചിൽ നിർത്തിയില്ലേ?" കടുവയ്ക്കു ദേഷ്യം വന്നു. ബ്രീ.. ക്രീ. വീണ്ടും കരച്ചിൽ. "ഞാനല്ല അത് ടീഷർട്ടാ". പാന്റ്സ് പറഞ്ഞു. "ടീഷർട്ടോ? അത് ആരാ?"

  "അതാ.." പാന്റ്സ് ചൂണ്ടിക്കാണിച്ചുകൊടുത്തു. ഒരു അയയിൽ ഒറ്റയ്ക്ക് ഒരു ടീഷർട്ട് തൂങ്ങിയാടി കരയുന്നു. ''എന്നെയും കൂടി ഇടൂ." അത് വിളിച്ചു പറഞ്ഞു. ശല്യമായല്ലോ. കടുവ ടീഷർട്ടും അണിഞ്ഞു.

അഭിനയം : (കുട്ടി ടീഷർട്ട് അയയിൽനിന്ന് എടുത്ത് അണിയുന്നു.)

- കഥ തുടരുന്നു

  അങ്ങനെ അവർ നടക്കാൻ തുടങ്ങി. നടത്തത്തിനിടയിൽ ടീഷർട്ടും പാന്റ്സും പാട്ടുപാടാൻ തുടങ്ങി. "മിണ്ടാതിരി... ബ്രീ.. ക്രീ..ഘ്രാ ..." കടുവ പറഞ്ഞു. അപ്പോളതാ ഒരു കരച്ചിൽ വീണ്ടും. "ആരാ കരയുന്നേ." കടുവ വിളിച്ചു ചോദിച്ചു. 'ഞാനാ'-ഒരു പാവം

തൊപ്പി. റോഡിൽ വീണുപോയതാ. "എന്നെയും തലയിൽ വയ്ക്കാമോ?" തൊപ്പി കടുവയോട് ചോദിച്ചു. ഛേ! ശല്യമായല്ലോ. കടുവ പറഞ്ഞു. "വയ്ക്ക് വയ്ക്ക്"- ടീഷർട്ടും പാന്റ്സും പറഞ്ഞു. കടുവ തൊപ്പിയും ഇട്ട് ഗമയിൽ നടക്കാൻ തുടങ്ങി.

അഭിനയം : കുട്ടി നിലത്തുനിന്നു തൊപ്പി എടുത്ത് അണിയാൻ തുടങ്ങി.

- കഥ തുടരുന്നു :

അപ്പോഴതാ ഒരു കൂട്ടപ്പാട്ട് :

"പാന്റ്സിട്ടു നടന്നാലോ
കാലുകൾ രണ്ടും മറയ്ക്കാലോ
ടീഷർട്ടിട്ടു നടന്നാലോ
ദേഹം പാതി മറയ്ക്കാലോ
തൊപ്പി വച്ച് നടന്നാലോ
തലമുടി മുഴുവൻ മറയ്ക്കാലോ"

കടുവയും ആ പാട്ട് ഏറ്റുപാടി.

പാട്ടുകഴിഞ്ഞ് എല്ലാവരും പൊട്ടിച്ചിരിച്ചു. അപ്പോഴതാ വീണ്ടുമൊരു കരച്ചിൽ. പക്ഷേ, ആരെയും കാണാനില്ല. എവിടന്നാണീ കരച്ചിൽ ! എല്ലാവരും നോക്കി, എല്ലായിടത്തും നോക്കി. അപ്പോഴല്ലേ കാണുന്നത്, അതാ ഒരു കുട്ടിയിരുന്നു കരയുന്നു. "എന്തു പറ്റി?" കടുവ ചോദിച്ചു. "എന്റെ പാന്റ്സ് കാണാനില്ല." "എന്റെ ടീഷർട്ട് കാണാനില്ല." "എന്റെ തൊപ്പി കാണാനില്ല."

അഭിനയം : കരയുന്ന കുട്ടിയെ അവതരിപ്പിക്കണം. എന്നിട്ട് കടുവ കഥയിൽ പറയുന്നതുപോലെ ഇനി ചെയ്യണം.

- കഥ തുടരുന്നു :

കടുവ പാന്റ്സ് ഊരി.

"ഇതാണോ പാന്റ്സ് ?"

"അതേ" കുട്ടി പാന്റ്സ് വാങ്ങി അണിഞ്ഞു.

"ഇതാണോ ടീഷർട്ട്" കടുവ ടീഷർട്ട് ഊരി

"അതേ," കുട്ടി ടീഷർട്ട് വാങ്ങി അണിഞ്ഞു.

"ഇതാണോ തൊപ്പി?"

"അതേ" കുട്ടി തൊപ്പിയും വാങ്ങി അണിഞ്ഞു.

എല്ലാം കിട്ടിയപ്പോൾ കടുവയെ ഒന്നു നോക്കുക പോലും ചെയ്യാതെ കുട്ടി ഒറ്റ ഓട്ടം.

അഭിനയം : ഓടുന്ന കുട്ടി, സങ്കടപ്പെട്ടു നിൽക്കുന്ന കടുവ, ഓട്ടം കണ്ട് കൈയടിക്കുന്ന കുട്ടികൾ.

- കഥ തുടരുന്നു.

പാവം കടുവ. അതിന് ഒന്ന് മിണ്ടാൻകൂടികഴിഞ്ഞില്ല. അപ്പോൾ ടീഷർട്ടും പാന്റ്സും തൊപ്പിയും ഒരു കരച്ചിൽ കേട്ടു. ബ്രീ...ഗ്രീ...

അവർ കാതോർത്തു. ആരുടെയാ ആ കരച്ചിൽ?

കരച്ചിൽ നിൽക്കുന്നതേയില്ല. കരഞ്ഞുകരഞ്ഞ് കടുവയുടെ ദേഹത്തുള്ള കുറേ വരകൾ മാഞ്ഞുപോയി. കരച്ചിൽ നിർത്താൻ എന്താ മാർഗം? കടുവയുടെ മേൽ വരകൾ വരച്ചുചേർത്താലോ?

**വർക്ക് ഷീറ്റ് 20.3 – 'ആരുടെ കരച്ചിൽ' നൽകുന്നു.**

കടുവയുടെ ദേഹത്ത് വരകൾ വരച്ചുചേർക്കുന്നു. കുട്ടിക്കുപ്പായത്തിനും നിറം നൽകണം.

ആഖ്യാനം (തുടർച്ച) : എന്നിട്ടും കടുവ കരച്ചിൽ നിർത്തിയില്ല. ഒരു വിദ്യകൂടിയുണ്ട്. കടുവയിൽനിന്ന് ടീഷർട്ട് ഊരി വാങ്ങിയ കുട്ടിയുടെ ഷർട്ടിൽകൂടി കടുവവരകൾ വരയ്ക്കൂ. നിറം നൽകൂ. അങ്ങനെ അത് കടുവയുടെ ഷർട്ട് തന്നെയായി മാറട്ടെ. പാന്റ്സിലും തൊപ്പിയിലും വരയ്ക്കൂ. അപ്പോൾ കടുവയ്ക്ക് സന്തോഷമാവും.

ടീച്ചർക്ക് : കുട്ടികൾക്ക് അഭിനയിക്കാനുള്ള സന്ദർഭങ്ങളിൽ അതിനുള്ള അവസരം നൽകേണ്ടതാണ്.

## വിലയിരുത്തൽ

- കടുവയുടെ ദേഹത്തുള്ളതുപോലുള്ള വരകൾ വരയ്ക്കാൻ കഴിയുന്നു.
- നിറം നൽകാൻ കഴിയുന്നു.